വികസനക്കുതിപ്പിന് രണ്ടാം നൂറുദിന പരിപാടി

www.facebook.com/samakalikajanapadham/

സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പുസ്തകം 8 ലക്കം 7

2022 ഫെബ്രുവരി 1 ₹ 12

അഭിമാന പദ്ധതികളിലൂടെ

പറന്നുയരുന്ന കേരളം

കേരളം സുരക്ഷിതം കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക വരിസംഖ്യാ ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ സമകാലിക ജനപഥത്തിന്റെയും കേരള കോളിങ്ങിന്റെയും വാർഷിക വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...
0471-2517036
iocirculation@gmail.com
കൂടാതെ www.etreasury.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും പണമയയ്ക്കാം

ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
എസ്. ഹരികിഷോർ ഐ.എ.എസ്
അഡീഷണൽ എഡിറ്റർ
കെ. അബ്ദുൽ റഷീദ്
ഡപ്യൂട്ടി എഡിറ്റർ
വി. പി. അശ്വതി
എഡിറ്റർ-ഇൻ-ചാർജ്
കെ.എസ്. ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ
മെർലിൻ ജെ.എൻ
സതികുമാർ റ്റി.എസ്.
സർക്കുലേഷൻ ഓഫീസർ
അഭിലാഷ് എ.സി.
കവർ & ലേഔട്ട്
ദീപക് മൗത്താട്ടിൽ
ടൈപ്പ് സെറ്റിങ്
വിനിത വി.എസ്.

February 1, 2022, Volume 8, Issue 7
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം–695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ, ഡയറക്ടർ, ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം
2022 ഫെബ്രുവരി 1
പുസ്തകം 8 ലക്കം 7

ഉറപ്പോടെ ഉണർവോടെ അഭിമാനത്തോടെ

നാടിന്റെ സമസ്ത മേഖലകളേയും ഗുണപരമായി സ്വാധീനിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന ക്ഷേമ, വികസന സങ്കല്പനമാണ് ഒരു മികച്ച സർക്കാരിന്റെ മുഖമുദ്ര. അത്തരമൊരു സമീപനത്തിൽ പരിപാടികൾ ആവിഷ്കരിക്കുകയും പ്രഖ്യാപിക്കുകയും മാത്രമല്ല, അവയുടെ നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ വിലയിരുത്തൽ ഉറപ്പാക്കുകയും ചെയ്യുകയാണ് ഈ സർക്കാർ. കഴിഞ്ഞ സർക്കാർ തുടങ്ങിവയ്ക്കുകയും ഈ സർക്കാർ ഫലപ്രദമായി തുടരുകയും ചെയ്യുന്ന നൂറുദിന പരിപാടി അതിന്റെ മികവുറ്റ ഉദാഹരണമാണ്.

ഈ സർക്കാർ ചുമതലയേറ്റ ശേഷമുള്ള രണ്ടാമത്തെ നൂറുദിന പരിപാടിയാണ് ഇപ്പോൾ നടക്കുന്നത്. ഫെബ്രുവരി 10നു തുടങ്ങി ഈ വർഷം മെയ് 20നു സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോട് അനുബന്ധിച്ച് പൂർത്തിയാവുന്ന രീതിയിലാണ് കർമപദ്ധതി. വിവിധ വകുപ്പുകളിലായി വൈവിധ്യമാർന്ന 1557 പദ്ധതികൾ 17.183.89 കോടി രൂപ ചെലവിലാണ് നടപ്പാക്കുന്നത്.

നിർമാണം പൂർത്തിയാക്കിയ 53 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്താണ് മുഖ്യമന്ത്രി പിണറായി വിജയൻ രണ്ടാം നൂറുദിന പരിപാടികളുടെ തുടക്കം പ്രഖ്യാപിച്ചത് എന്നത് ശ്രദ്ധേയമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ മുന്നേറ്റം ഇപ്പോൾ നാം അനുഭവിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെട്ടതിന് അനുസൃതമായി ഉന്നതവിദ്യാഭ്യാസത്തിന്റെ ശാക്തീകരണമാണ് ഈ സർക്കാർ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന കടമ എന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വികസനരംഗത്ത് പ്രത്യേകിച്ച് പശ്ചാത്തല സൗകര്യവികസനത്തിൽ വലിയ കുതിച്ചുചാട്ടം സൃഷ്ടിക്കാൻ കഴിയുന്ന അഭിമാനപദ്ധതികളുടെ പൂർത്തീകരണം സർക്കാർ ഏറ്റെടുത്തിരിക്കുന്ന സുപ്രധാന ദൗത്യമാണ്. സിൽവർ ലൈനും ദേശീയപാതയും ജലപാതയും ഉൾപ്പെടെയുള്ള ഗതാഗതസൗകര്യങ്ങളുടെ വികസനവും കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയും സിറ്റി ഗ്യാസ് പദ്ധതിയും ഉൾപ്പെടെയുള്ള വൻകിട വികസന പദ്ധതികൾ ഇതിന്റെ ഭാഗമാണ്. രണ്ടാം നൂറുദിന പദ്ധതിയുടെ സവിശേഷതകൾക്കൊപ്പം കേരളത്തിന്റെ ഈ അഭിമാനപദ്ധതികളെക്കുറിച്ചും സമഗ്രമായി അറിയുന്നതിന് സഹായിക്കുന്നതാണ് ഈ ലക്കം ജനപഥം.

എസ്. ഹരികിഷോർ ഐ.എ.എസ്
എഡിറ്റർ

ഫോട്ടോ: **ലാൽബാബു**

പ്രതികരണങ്ങൾ

കേരളത്തിന്റെ ആരോഗ്യമാതൃക

ദേശീയ അംഗീകാരം നേടിയ കേരളത്തിന്റെ ആരോഗ്യമേഖലയുടെ നേട്ടങ്ങളെക്കുറിച്ചും ഒരുപാട് വെല്ലുവിളികൾക്കിടയിലാണ് നമ്മൾ ആ നേട്ടങ്ങൾ കൈവരിച്ചതെന്നും വ്യക്തമാക്കുന്ന മികച്ച ലക്കമായിരുന്നു ജനുവരി ലക്കം ജനപഥം. ആദ്യ കരൾ മാറ്റ ശസ്ത്രക്രിയയ്ക്കു തയാറെടുക്കുന്ന കോട്ടയം മെഡിക്കൽ കോളേജ് നമ്മുടെ സർക്കാർ ആരോഗ്യസംവിധാനത്തിന്റെ മാറ്റു കൂട്ടുന്നതാണ്. പൊതുവിദ്യാഭ്യാസ മേഖലയെ ഉയരങ്ങളിലെത്തിച്ച മുണ്ടേരി സ്കൂളിന്റെ വിശേഷവും അഭിമാനമുണ്ടാക്കി. നമ്മുടെ സർക്കാർ വിദ്യാലയങ്ങളും കുട്ടികളും കൈവരിച്ച ഇത്തരം നേട്ടങ്ങളെക്കുറിച്ചുള്ള കൂടുതൽ റിപ്പോർട്ടുകൾ ഇനിയും പ്രതീക്ഷിക്കുന്നു. അത് അവർക്കൊരു പ്രചോദനമാകും.

ജയകുമാർ ആർ. നായർ
ആലപ്പുഴ

06 പ്രതിസന്ധിയിലെ പ്രതീക്ഷ

12 വികസന ചരിത്രത്തിലെ നാഴികക്കല്ല്

16 കെ-റെയിൽ ഭാവികേരളത്തിന് രജതപാത

18 പുരോഗതിയുടെ പുതുജാലകം തുറന്ന് വിഴിഞ്ഞം

22 മലയോരം താണ്ടാൻ മനോഹരപാത

24 തീരദേശ ഹൈവേ തീരക്കാറ്റേറ്റ് സുഗമയാത്ര

ഉള്ളടക്കം

26 മുഖം മാറുന്ന നഗരപാതകൾ

28 തെക്കും വടക്കും തൊടാൻ ജലപാത

30 കൊച്ചിയുടെ ജലയാത്രകൾ

32 എല്ലാ വീടുകളിലും അതിവേഗ ഇന്റർനെറ്റ്

34 കാരവൻ ടൂറിസം വീടനുഭവത്തിൽ വിനോദ സഞ്ചാരം

38 പ്രകൃതിവാതകം പൈപ്പിലൂടെ സിറ്റിഗ്യാസ് പദ്ധതി ലക്ഷ്യത്തിലേക്ക്

40 കിഴക്കിന്റെ വെനീസിൽ വീണ്ടെടുപ്പ്

42 വ്യവസായ മുന്നേറ്റം വികസിത സമൂഹങ്ങൾക്കൊപ്പം

44 തടസ്സമില്ലാത്ത ഊർജപ്രസരണം

46 പൈതൃക സംരക്ഷണത്തിന് സാംസ്കാരിക സമുച്ചയങ്ങൾ

48 ചിത്രകലയിലെ അതുല്യതയ്ക്ക് നിത്യസ്മാരകം

50 സൗരോർജം സ്വയംപര്യാപ്തം

വികസനക്കുതിപ്പിന് രണ്ടാം നൂറുദിന പരിപാടി

പ്രതിസന്ധിയിലെ പ്രതീക്ഷ

രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികത്തിനു മുന്നോടിയായി രണ്ടാം നൂറുദിന പരിപാടി നടപ്പിലാക്കുകയാണ്. സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഗതിവേഗം കൂട്ടുന്ന അനേകം പദ്ധതികളാണ് യാഥാർഥ്യമാകുന്നത്. കോവിഡ് പ്രതിസന്ധിക്കാലത്തും സർക്കാരിന് ഉണർന്നു പ്രവർത്തിക്കാൻ കഴിയുന്നതിന്റെ പ്രതിഫലനമാണ് ഈ പദ്ധതികൾ. സർക്കാരിന്റെ ഒന്നാം വാർഷികദിനമായ മെയ് 20 ന് അവസാനിക്കുന്ന പരിപാടിയിൽ 17,183.89 കോടി രൂപയുടെ 1557 പദ്ധതികളാണ് നടപ്പാക്കുന്നത്

“

ഈ സർക്കാർ അധികാരമേറ്റിട്ട് മെയ് 20 ന് ഒരു വർഷം തികയുകയാണ്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ നമ്മുടെ നാട് ഒട്ടേറെ പ്രയാസങ്ങളിലൂടെയാണ് കടന്നുപോയത്. എന്നാൽ ജനക്ഷേമ പ്രവർത്തനങ്ങൾക്കും ജനജീവിതം സുരക്ഷിതമാക്കുന്നതിനുള്ള ഇടപെടലുകൾക്കും ഒരു മുടക്കവും വരുത്താതെയാണ് സർക്കാർ ഈ കാലം പിന്നിടുന്നത്. അധികാരത്തിൽ വന്നയുടനെ നൂറുദിവസത്തിനുള്ളിൽ ചെയ്തുതീർക്കുന്ന കാര്യങ്ങൾ പ്രത്യേക പരിപാടിയായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. നിശ്ചിതസമയത്തിനുള്ളിൽ അവ പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടും ജനങ്ങൾക്കു മുന്നിൽ വെച്ചു. ഇപ്പോൾ ഒന്നാം വാർഷികത്തിനു മുന്നോടിയായി മറ്റൊരു നൂറുദിന പരിപാടി പ്രഖ്യാപിക്കുകയാണ്. മന്ത്രിസഭയുടെ ഒന്നാം വാർഷിക ദിനമായ മെയ് 20-ന് അവസാനിക്കുന്ന വിധത്തിലാണ് ഈ പരിപാടി നടപ്പാക്കുക.

പിണറായി വിജയൻ
മുഖ്യമന്ത്രി

”

ഫെബ്രുവരി 10 മുതൽ 2022 മെയ് 20 വരെയുള്ള ഈ നൂറുദിന പരിപാടിയിൽ 32 വകുപ്പുകളിലായി ആകെ 1,557 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 17,183.89 കോടി രൂപയാണ് ഇതിനായി ചിലവിടുന്നത്

രണ്ടാം പിണറായി വിജയൻ സർക്കാറിന്റെ ആദ്യ നൂറുദിന പരിപാടി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിലായിരുന്നു. ആദ്യ സർക്കാരും രണ്ടു തവണയായി നൂറുദിന പരിപാടികൾ പ്രഖ്യാപിച്ച് സമയബന്ധിതമായി നടപ്പാക്കിയിരുന്നു. സാമൂഹിക, പശ്ചാത്തല സൗകര്യ, തൊഴിൽ മേഖലകളിൽ ഗണ്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ ആ നൂറുദിന പരിപാടികൾക്ക് സാധിച്ചു. പശ്ചാത്തല വികസനം, സാമൂഹികക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ എല്ലാ മേഖലകളിലും പ്രതിസന്ധികൾക്കിടയിലും വളർച്ച ഉറപ്പാക്കിയ അവയുടെ തുടർച്ചയാണ് പുതിയ നൂറുദിന പരിപാടി.

ഫെബ്രുവരി 10 മുതൽ 2022 മെയ് 20 വരെയുള്ള ഈ നൂറുദിന പരിപാടിയിൽ 32 വകുപ്പുകളിലായി ആകെ 1,557 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 17,183.89 കോടി രൂപയാണ് ഇതിനായി ചെലവിടുന്നത്. പരിപാടിയുടെ ഭാഗമായി വൈദ്യുതി വകുപ്പ് 5,87,000 തൊഴിൽ ദിനങ്ങളും ജലവിഭവവകുപ്പ് 3,91,282 തൊഴിൽ ദിനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് 7,73,669 തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ പ്രവൃത്തികളിലൂടെയുള്ള തൊഴിൽ ദിനങ്ങളാണ് ഇതിലൂടെ ലഭ്യമാകുന്നത് . അതുകൊണ്ടുതന്നെ അതിഥിത്തൊഴിലാളികൾക്കും ഇതിന്റെ ഗുണം ലഭിക്കും.

ഈ 100 ദിന പദ്ധതിയിൽ 4,64,714 തൊഴിലവസരങ്ങൾ പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കപ്പെടും. ഇതിൽ കൃഷി വകുപ്പ് 1,12,000 പ്രത്യക്ഷ തൊഴിലവസരങ്ങളും 56,500 പരോക്ഷ തൊഴിലവസരങ്ങളും നൽകുന്നുണ്ട്. സാമൂഹ്യ വനവത്ക്കരണ പദ്ധതിയിലൂടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്സ്) വനംവകുപ്പ് 93,750 തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

ലൈഫ് മിഷൻ വഴി ഇരുപതിനായിരം വ്യക്തിഗത വീടുകളുടെയും മൂന്ന് ഭവനസമുച്ചയങ്ങളുടെയും ഉദ്ഘാടനം നിർവ്വഹിക്കും. സംസ്ഥാനത്തൊട്ടാകെ വാതിൽപ്പടി സേവനം ആരംഭിക്കും. കേരളമൊന്നാകെ മികച്ച ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ഒരുക്കും

നൂറു ദിനത്തിൽ പ്രധാനം

- 53 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കും.
- 140 നിയമസഭാ മണ്ഡലങ്ങളിൽ 100 കുടുംബങ്ങൾക്ക് വീതവും 30,000 സർക്കാർ ഓഫീസുകൾക്കും കെ ഫോൺ കണക്ഷൻ നൽകും. ഗ്രാമനഗരഭേദമന്യേ കേരളമൊന്നാകെ മികച്ച ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ഒരുക്കും
- ലൈഫ് മിഷൻ വഴി ഇരുപതിനായിരം വ്യക്തിഗത വീടുകളുടെയും മൂന്ന് ഭവന സമുച്ചയങ്ങളുടെയും ഉദ്ഘാടനം നിർവ്വഹിക്കും. സംസ്ഥാനത്തൊട്ടാകെ വാതിൽപ്പടി സേവനം ആരംഭിക്കും.
- അതിദാരിദ്ര്യ സർവ്വേ മൈക്രോപ്ലാൻ പ്രസിദ്ധീകരിക്കും.
- എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ തുറക്കും.
- എല്ലാവരുടെയും റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കി മാറ്റുന്ന പദ്ധതി ഉദ്ഘാടനം ചെയ്യും.
- ഭൂരഹിതരായ 15,000 പേർക്ക് പട്ടയം വിതരണം ചെയ്യും.
- ഭൂമിയുടെ അളവുകൾ കൃത്യമായി രേഖപ്പെടുത്തുന്ന ഡിജിറ്റൽ സർവ്വേ തുടങ്ങും.
- ജനങ്ങൾക്ക് ദുരന്തനിവാരണ വിദ്യാഭ്യാസം, ദുരന്തനിവാരണ സാക്ഷരത എന്നിവ നൽകുന്ന പദ്ധതി ആരംഭിക്കും.
- കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി ഉദ്ഘാടനം ചെയ്യും.
- 10,000 ഹെക്ടറിൽ ജൈവ കൃഷി തുടങ്ങും.
- സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സ്, കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുന്ന പോലീസ് റിസർച്ച് സെന്റർ, മലപ്പുറത്ത് സ്ത്രീ-ശിശുസൗഹൃദ പോലീസ്

ദാമു സർഗ്ഗം

53 സ്കൂളുകൾ കൂടി മികവിന്റെ കേന്ദ്രങ്ങൾ

സർക്കാരിന്റെ രണ്ടാം നൂറു ദിന കർമപരിപാടിയുടെ ഭാഗമായി യാഥാർഥ്യമാകുന്ന ആദ്യ പദ്ധതിയായി സംസ്ഥാനത്ത് 53 സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. ആകെ 90 കോടി ചെലവിട്ടാണ് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ 53 സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വഴി നിരവധി സ്കൂളുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത്. അത് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചു. യജ്ഞത്തിന്റെ തുടർച്ചയായി നിലവിൽ വന്ന വിദ്യാകിരണം മിഷന്റെ ഭാഗമായാണ് 53 സ്കൂൾ കെട്ടിടങ്ങൾ നാടിന് സമർപ്പിച്ചത്.

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ഒരു സ്കൂൾ കെട്ടിടത്തിന് അഞ്ച് കോടി രൂപ പ്രകാരം 20 കോടി രൂപ ചെലവിട്ട് നാല് സ്കൂൾ കെട്ടിടങ്ങളും മൂന്ന് കോടി രൂപ പ്രകാരം 30 കോടി രൂപ ചിലവിട്ട് 10 സ്കൂൾ കെട്ടിടങ്ങളും ഒരു കോടി രൂപ എന്ന നിലയിൽ രണ്ട് സ്കൂൾ കെട്ടിടങ്ങളും പ്ലാൻ, എം. എൽ. എ., നബാർഡ് ഫണ്ടുകളിൽ ഉൾപ്പെടുത്തി 37 സ്കൂൾ കെട്ടിടങ്ങളുമാണ് ഈ ഘട്ടത്തിൽ നിർമിച്ചിട്ടുള്ളത്.

ഈ സർക്കാരിന്റെ തുടക്കത്തിൽ തന്നെ 92 സ്കൂൾ കെട്ടിടങ്ങളും 48 ഹയർ സെക്കൻഡറി ലാബുകളും മൂന്ന് ഹയർ സെക്കൻഡറി ലൈബ്രറികളും ഉദ്ഘാടനം ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

സ്റ്റേഷൻ സ്പെയ്സ് എന്നിവയുടെ ഉദ്ഘാടനം നടത്തും. പുതിയ 23 പോലീസ് സ്റ്റേഷനുകൾക്ക് തറക്കല്ലിടും.

- തവനൂർ സെൻട്രൽ ജയിൽ പ്രവർത്തനമാരംഭിക്കും.
- കുട്ടനാട് പാക്കേജ് ഒന്നാംഘട്ടത്തിന്റെ ഭാഗമായി പഴുക്കാനില കായൽ ആഴം കൂട്ടലും വേമ്പനാട് കായലിൽ ബണ്ട് നിർമ്മാണവും തുടങ്ങും.
- കോട്ടയത്തെ കുറിച്ചി, കോട്ടയം മുനിസിപ്പാലിറ്റി, എറണാകുളത്തെ ആമ്പല്ലൂർ, തിരുവനന്തപുരത്തെ കാട്ടാക്കട, നഗരൂർ, കൊല്ലത്തെ കരീപ്ര എന്നീ കുഴൽക്കിണർ കുടിവെള്ള വിതരണ പദ്ധതികൾ ഉദ്ഘാടനം ചെയ്യും.
- 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിന് കീഴിൽ 2,500 പഠനമുറികൾ ഒരുക്കും.
- പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വഴി പ്രവാസികൾക്കുള്ള റിട്ടേൺ വായ്പ പദ്ധതി നടപ്പാക്കും.
- കിഫ്ബിയിൽ ഉൾപ്പെടുത്തി ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണോദ്ഘാടനം നടത്തും.
- ഉന്നതവിദ്യാഭ്യാസ വകുപ്പ് 150 വിദ്യാർത്ഥികൾക്ക് നവകേരള ഫെല്ലോഷിപ്പ് വിതരണം ആരംഭിക്കും.
- 18 വയസ്സ് പൂർത്തിയായ ഭിന്നശേഷിക്കാർക്ക് ജീവനോപാധി കണ്ടെത്താനും അതുവഴി സ്വയം പര്യാപ്തരാകാനും സഹായിക്കുന്ന എംപവർമെന്റ് ത്രൂ വൊക്കേഷനലൈസേഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. ഇടുക്കിയിൽ എൻ സി സി യുടെ സഹായത്തോടെ നിർമ്മിച്ച എയർ സ്ട്രിപ്പ് ഉദ്ഘാടനം ചെയ്യും.
- കോഴിക്കോടും കൊല്ലത്തും മാലിന്യത്തിൽ നിന്നും ഊർജം ഉത്പാദിപ്പിക്കുന്ന പദ്ധതികളുടെ നിർമാണമാരംഭിക്കും.
- മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമാണ പദ്ധതിയുടെ ഭാഗമായുള്ള 1,500 റോഡുകളുടെ ഉദ്ഘാടനം നടത്തും. കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പ്രവാസിഭദ്രത പരിപാടി രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യും.
- 75 പാക്സ് കറ്റാമറൈൻ ബോട്ടുകളുടെ ഉദ്ഘാടനം നിർവ്വഹിക്കും. മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച ഭവനങ്ങളുടെ താക്കോൽദാനവും പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച 532 ഭവനസമുച്ചയങ്ങളുടെ ഉദ്ഘാടനം നടത്തും.
- അടൂർ - ചെങ്ങന്നൂർ,തലശ്ശേരി - കള, പ്ലാച്ചേരി - പൊൻകുന്നം ,കോന്നി - പ്ലാച്ചേരി ,പൈനാവ് - താന്നിക്കണ്ടം - അശോകകവല, ആരക്കുന്നം - ആമ്പല്ലൂർ - പൂത്തോട്ട - പിറവം ,വടയാർ - ചന്തപ്പാലം - മുളക്കുളം, വടയാർ - കല്ലാട്ടിപ്പാലം - മുട്ടുച്ചിറ റോഡുകൾ തുറക്കും.
- ചേരിക്കൽ ബോട്ട് ടെർമിനൽ, പെരിങ്ങത്തൂർ ബോട്ട്ജെട്ടി ,കക്കടവ് ബോട്ട്ജെട്ടി ,പാത്തിക്കൽ ബോട്ട്ജെട്ടി, മുക്കുവച്ചേരി ബോട്ട് ടെർമിനൽ, ധർമ്മടം ബോട്ട് ടെർമിനൽ, ചമ്പാട് ബോട്ട്ജെട്ടി, പാറപ്രം ബോട്ട് ടെർമിനൽ, കരിയാട് ബോട്ട് ടെർമിനൽ എന്നിവ ഉദ്ഘാടനം ചെയ്യും.
- 400 കോടി രൂപ മുതൽമുടക്കിൽ 40 മെഗാവാട്ട് ശേഷിയുള്ള മാങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി പ്രവർത്തനം തുടങ്ങും.
- വിഴിഞ്ഞം പവർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യും.
- വയനാട് സി.കെ. ഓങ്കാരനാഥൻ ഇൻഡോർ സ്റ്റേഡിയവും ഒൻപത് സ്റ്റേഡിയങ്ങളും ഉദ്ഘാടനം ചെയ്യും.
- നവീകരിച്ച 10 ട്രഷറികളുടെ ഉദ്ഘാടനം നടത്തും.
- കുടുംബശ്രീ പ്രവർത്തകർക്കായുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിക്ക് തുടക്കം കുറിക്കും.
- ചേർത്തല മെഗാ ഫുഡ് പാർക്ക്, കേരള പേപ്പർ പ്രോഡക്ട്സ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനോദ്ഘാടനം ഈ നൂറു ദിവസത്തിനുള്ളിൽ നടത്തും.
- കൊച്ചിയിലെ ഇന്റർനാഷണൽ എക്സിബിഷൻ കം ഇൻവെൻഷൻ സെന്ററിനു തറക്കല്ലിടും.
- തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ട പദ്ധതി നിർമ്മാണം പൂർത്തീകരിക്കും.
- 150 പി.എച്ച്.സി.കൾ, വെൽനെസ്സ് സെന്ററുകളാക്കി മാറ്റിയതിന്റെ ഉദ്ഘാടനം നടത്തും. 15 പി.എച്ച്.സി. കെട്ടിടങ്ങൾ, കോന്നി മെഡിക്കൽ കോളേജിലെ അക്കാദമിക ബ്ലോക്ക്, ആലപ്പുഴ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവ ആരംഭിക്കും. ■

വികസന വിഹായസ്സിലെ കേരളം

സർവ്വതല സ്പർശിയും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായതുമായ സമഗ്ര വികസനം യാഥാർഥ്യമാക്കുകയാണ് രണ്ടാം പിണറായി വിജയൻ സർക്കാർ. വൻകിട പദ്ധതികളും പ്രതിസന്ധിയുടെ കാലത്ത് ജനങ്ങൾക്ക് ആശ്വാസമരുളുന്ന ക്ഷേമ പദ്ധതികളും യാഥാർഥ്യമാക്കി വികസന വാനിൽ പറന്നുയരുകയാണ് കേരളം. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് അടിത്തറയൊരുക്കുന്നതാണ് നമ്മുടെ വൻകിട വികസന പദ്ധതികൾ. വിഴിഞ്ഞം തുറമുഖ വികസനം മുതൽ സിൽവർ ലൈൻ വരെ നീളുന്നതും സോളാർ പോലെയുള്ള പാരമ്പര്യേതര ഊർജ്ജത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമായ പദ്ധതികൾ കേരളത്തിന്റെ സുസ്ഥിര വികസനത്തിന് മികച്ച അടിത്തറയൊരുക്കുകയാണ്. സംസ്ഥാനത്തിന്റെ മുഖം മാറ്റം ഉറപ്പാക്കുന്ന അത്തരം വൻകിട പദ്ധതികളുടെ പുരോഗതിയാണ് ഇനി വിലയിരുത്തുന്നത്.

അഭിമാന പദ്ധതികൾ

- ദേശീയപാതാ വികസനം
- സിൽവർ ലൈൻ
- മലയോര ഹൈവേ
- തീരദേശ ഹൈവേ
- ഔട്ടർ റിങ്ങ് റോഡുകൾ
- ദേശീയ ജലപാത
- കൊച്ചി വാട്ടർ മെട്രോ
- കനാൽ പുനരുജ്ജീവനം
- സിറ്റി ഗ്യാസ് പദ്ധതി
- കെ ഫോൺ
- ട്രാൻസ് ഗ്രിഡ്
- വിഴിഞ്ഞം തുറമുഖ പദ്ധതി
- കാരവൻ ടൂറിസം
- ആലപ്പി ഹെറിറ്റേജ് പ്രോജക്റ്റ്
- കൊച്ചി – പാലക്കാട്– കോയമ്പത്തൂർ വ്യവസായ ഇടനാഴി
- പുരപ്പുറ സൗര പദ്ധതി
- രവിവർമ്മ ആർട്ട് ഗ്യാലറി
- സാംസ്കാരിക സമുച്ചയങ്ങൾ

ദേശീയപാതാ വികസനം
വികസനചരിത്രത്തിലെ നാഴികക്കല്ല്

കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ റോഡ് വികസന പദ്ധതിയാണ് ദേശീയപാതാ വികസനം. കേരളത്തിൽ ഒരു കാലത്തും നടപ്പാക്കാനാവില്ലെന്ന് പലരും കരുതിയ ഈ പദ്ധതിയിലൂടെ ദേശീയപാത – 66 പൂർണ്ണമായും 45 മീറ്റർ വീതിയിൽ ആറുവരിയാകുകയാണ്. ദ്രുതഗതിയിൽ നടക്കുന്ന നിർമ്മാണം പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ റോഡ് ഗതാഗതം കൂടുതൽ സുഗമവും സുരക്ഷിതവുമാകും

ദിനംപ്രതി 20,000 മുതൽ 60,000 വരെ വാഹനങ്ങൾ കടന്നുപോകുന്നവയാണ് കേരളത്തിലെ ദേശീയപാതകൾ. എന്നാൽ ഇവ മിക്കതും സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുന്നവയാണ്. കേരളത്തിന്റെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ദേശീയപാതയുടെ വികസനം അനിവാര്യമാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് എൻ എച്ച് 66 അഭിവൃദ്ധിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ഒന്നാം പിണറായി വിജയൻ സർക്കാർ ഊന്നൽ നൽകിയത്. മഹാരാഷ്ട്രയിലെ പനവേലിൽ തുടങ്ങി തമിഴ്നാട്ടിലെ കന്യാകുമാരിയിൽ



ആർ. പ്രശാന്ത്

അവസാനിക്കുന്ന 1622 കിലോമീറ്റർ പാതയിൽ കാസർഗോഡ് തലപ്പാടി മുതൽ തിരുവനന്തപുരം കാരോട് വരെ 600 കിലോമീറ്ററാണ് കേരളത്തിലുള്ളത്.

ആകെയുള്ള ദൈർഘ്യത്തെ 20 റീച്ചുകളായി തിരിച്ചാണ് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ദേശീയപാതാ നിർമ്മാണം പുരോഗമിക്കുന്നത്. 57,878 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ സ്ഥലമേറ്റെടുപ്പിന്റെ 25 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതനുസരിച്ച് ആറു വർഷത്തിനിടെ കേരളം ദേശീയപാതാ അതോറിറ്റിക്ക് 4085 കോടി രൂപ നൽകിക്കഴിഞ്ഞു. ദേശീയപാതാ അതോറിറ്റി, കിഫ്ബി, സംസ്ഥാന സർക്കാർ എന്നീ ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണിത്. സ്ഥലം ഏറ്റെടുക്കുന്നതിന് 25 ശതമാനം തുക നൽകുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളിൽ മുഴുവൻ തുകയും ദേശീയപാതാ അതോറിറ്റിയാണ് വഹിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ചെങ്ങള വരെയുള്ള 39 കിലോമീറ്ററാണ് ദേശീയപാതാ വികസനപദ്ധതിയുടെ കേരളത്തിലെ ആദ്യ റീച്ച്. വടകര, അഴിയൂർ മുതൽ വെങ്ങളം വരെയുള്ള 40.80 കിലോമീറ്ററാണ് ഇതിൽ ദൈർഘ്യമേറിയ പദ്ധതി. 255.9 കിലോ മീറ്റർ വരുന്ന പതിനൊന്ന് പദ്ധതികളിൽ 20,494.8 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് പുരോഗമിക്കുന്നത്. എട്ട് റീച്ചുകളിലെ ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 265.72 കിലോ മീറ്റർ ദൂരം വരുന്ന റോഡാണ് ഈ പദ്ധതികളിൽ നവീകരിക്കുന്നത്. ബാക്കിയുള്ള മൂന്ന് റീച്ചുകളിൽ രണ്ടെണ്ണം 6859.13 കോടി രൂപ മുതൽമുടക്കിയാണ് നിർമ്മാണം നടത്തുക. 67.33 കിലോ മീറ്റർ ദൈർഘ്യമുള്ള ഈ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ അവസാന ഘട്ടത്തിലെത്തി. ബാക്കിയുള്ള 14.65 കിലോ മീറ്റർ വരുന്ന അരൂർ - തുറവൂർ എലവേറ്റഡ് പാതയ്ക്കുള്ള വിശദമായ പദ്ധതിരേഖ ഉടൻ പൂർത്തിയാക്കും.

കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലും ദേശീയ പാതാ നിർമാണം പുരോഗമിക്കുകയാണ്. 19-ാം റീച്ചായ കഴക്കൂട്ടം-

മുക്കോല പാതയുടെ നിർമ്മാണം പൂർത്തിയാക്കി. 20-ാം റീച്ച് മുക്കോല-കാരോട് പാതയുടെ നിർമ്മാണം തുടരുകയാണ്. 18-ാം റീച്ച് കടമ്പാട്ടുകോണം - കഴക്കൂട്ടം പാതയുടെ നിർമ്മാണവും പുരോഗമിക്കുന്നു. ഈ റീച്ചിൽ മുക്കോലയിൽ നിന്ന് തമിഴ്നാട് അതിർത്തി വരെയുള്ള തിരുവനന്തപുരം ബൈപ്പാസ് ഗതാഗതത്തിനായി തുറന്നു കഴിഞ്ഞു.
വടക്കാഞ്ചേരി-തൃശ്ശൂർ പാതയുടെ പ്രവൃത്തി പൂർത്തിയായി. കഴക്കൂട്ടം-ടെക്നോപാർക്ക് എലവേറ്റഡ് ഹൈവേ, തലശ്ശേരി-മാഹി ബൈപ്പാസ് എന്നിവയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

കേരളത്തിൽ ഒരു കാലത്തും നടപ്പാക്കാനാവി ല്ലെന്ന് പലരും കരുതിയ പദ്ധതിയാണ് ദേശീയപാതാ വികസനം. ഭൂമി ഏറ്റെടുക്കലായിരുന്നു ഈ പദ്ധതിക്ക് വലിയ തടസ്സമായിരുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാർ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മാന്യമായ നഷ്ടപരിഹാരവും പുനരധിവാസ പാക്കേജുകളും പ്രഖ്യാപിച്ചതോടെയാണ് ദേശീയ പാതാവികസന പ്രവൃത്തികൾ സാദ്ധ്യമായത്.

ഭാരത് മാല പരിയോജന രണ്ടാംഘട്ടം

ഏഴ് റോഡുകളാണ് ഭാരത് മാല പരിയോജന പദ്ധതിപ്രകാരം ദേശീയ പാതയുടെ രണ്ടാംഘട്ടത്തിൽ വികസിപ്പിക്കുന്നത്. പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് പാത, മൂന്നാർ -തേനി ഗ്രീൻഫീൽഡ് പാത, വാളയാർ - വടക്കാഞ്ചേരി ആറു വരി, തൃശൂർ - കുണ്ടന്നൂർ പാത, തിരുവനന്തപുരം- കൊട്ടാരക്കര- കോട്ടയം- അങ്കമാലി ഗ്രീൻഫീൽഡ് പാത, കൊല്ലം- ചെങ്കോട്ട പാത, കുട്ട- മലപ്പുറം പാത എന്നിവയാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
പദ്ധതികളുടെ വിശദമായ ഡി പി ആർ തയ്യാറാക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ ജോലികളും പുരോഗമിക്കുന്നുണ്ട്. ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി പതിനൊന്ന് തുറമുഖ കണക്റ്റിവിറ്റി റോഡുകളും ദേശീയപാതാ നിലവാരത്തിൽ വികസിപ്പിക്കും. 113.38 കിലോ മീറ്റർ വരുന്ന റോഡുകളുടെ വികസനമാണ് ഇതിലൂടെ സാധ്യമാകുന്നത് . 2336.51 കോടി രൂപയാണ് പദ്ധതിച്ചെലവായി പ്രതീക്ഷിക്കുന്നത്.

കേരളത്തിലെ മറ്റു ദേശീയ പാതകളിലും വികസനം

സംസ്ഥാനത്തെ മറ്റു ദേശീയ പാതകളിലും വികസനം സാധ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചു. 97.15 കോടി രൂപയുടെ ഏഴ് പദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയുമാണ് ലഭിച്ചത്. ഇതനുസരിച്ച് ദേശീയ പാത 185 ൽ ഇടുക്കിയിൽ രണ്ട് സ്ട്രെച്ചുകളിലായി നവീകരണം നടക്കും. വള്ളക്കടവ് - ചെളിമട സ്ട്രെച്ചിൽ 22.94 കിലോ മീറ്റർ വികസിപ്പിക്കാൻ 30.32 കോടി രൂപയാണ് വിനിയോഗിക്കുന്നത്. വെള്ളയാംകുടി മുതൽ - ഡബിൾ കട്ടിംഗ് റോഡ് വരെ 13.83 കിലോ മീറ്റർ നവീകരണത്തിന് 22.44 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

ദേശീയപാത 766 ൽ കുന്ദമംഗലം മുതൽ മണ്ണിൽക്കടവ് വരെ 10 കിലോ മീറ്റർ റോഡ് നവീകരണത്തിന് 15.56 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ദേശീയപാത 183എ യിൽ കൈപ്പട്ടൂർ - പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ജംഗ്ഷൻ വരെ 9.45 കോടി രൂപയുടെ പ്രവൃത്തിയാണ് നടത്തുക. ഇവിടെ 5.64 കിലോമീറ്റർ റോഡ് നവീകരിക്കും.



കേരളത്തിൽ ഒരു കാലത്തും നടപ്പാക്കാനാവില്ലെന്ന് പലരും കരുതിയ പദ്ധതിയാണ് ദേശീയപാതാ വികസനം. ഭൂമി ഏറ്റെടുക്കലായിരുന്നു ഈ പദ്ധതിക്ക് വലിയ തടസ്സമായിരുന്നത്.

കുതിരാൻ തുരങ്കപാത

കോഴിക്കോട് അടിവാരത്തെ എലിക്കാട് പാലം പുനരുദ്ധാരണത്തിന് 65 ലക്ഷം രൂപയും, എറണാകുളം വെല്ലിംഗ് ടൺ ഐലന്റ്- കൊച്ചി ബൈപ്പാസ് റോഡിലെ മൂന്ന് പാലങ്ങളുടെ പുനരുദ്ധാരണത്തിനായി 8.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. എട്ട് ബ്ലാക്സ്പോട്ടുകളിൽ ആവശ്യമായ നവീകരണ പ്രവർത്തനം നടത്താൻ 10.4 കോടി രൂപയുടെ പ്രവൃത്തികൾക്കും അംഗീകാരം ലഭിച്ചു. മണർകാട്, കഞ്ഞിക്കുഴി, പാറത്തോട് (കാഞ്ഞിരപ്പള്ളി) , പത്തൊമ്പതാം മൈൽ , ഇരട്ടുനട, വടവാതൂർ, പതിനാലാം മൈൽ (പുളിക്കൽ കവല), ആലംപള്ളി എന്നീ ബ്ലാക് സ്പോട്ടുകളിലാണ് പ്രവൃത്തി നടത്തുക. ■

കെ–റെയിൽ
ഭാവികേരളത്തിന് രജതപാത

മലിനീകരണം സൃഷ്ടിക്കുന്ന വാഹനങ്ങൾ കുറയ്ക്കുകയും പൊതുഗതാഗതത്തിലേക്ക് യാത്രക്കാരെ മാറ്റുകയും ചെയ്യുക എന്ന കേന്ദ്ര– സംസ്ഥാന സർക്കാരുകളുടെ നയം സിൽവർലൈനിലൂടെ നടപ്പിലാക്കാൻ ഒരുങ്ങുകയാണ് കേരളം. യാത്രക്കാരുടെ പ്രതിദിന സമയലാഭം ശരാശരി 2,80,000 മണിക്കൂറായി ചുരുക്കുന്ന ഈ പദ്ധതിയിലൂടെ അരലക്ഷത്തോളം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കും. പദ്ധതിക്കായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു

വാഹനപ്പെരുപ്പവും ഗതാഗതക്കുരുക്കും കൊണ്ട് ശ്വാസം മുട്ടുന്ന കേരളത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേക്ക് നാലു മണിക്കൂറിൽ എത്തിച്ചേരാൻ കഴിയുന്ന അർദ്ധ അതിവേഗ റെയിൽവേയാണ് സിൽവർലൈൻ. കേന്ദ്ര സർക്കാരിന്റെ പൊതുസംഭരണ നയത്തിന്റെ മാർഗനിർദ്ദേശങ്ങൾക്കും ആത്മനിർഭർ ഭാരത് പദ്ധതിക്കും അനുസൃതമായി റെയിൽവേയുടേയും കേരള സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സംയുക്ത സംരംഭമായ കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡാണ് (കെ–റെയിൽ) ബൃഹത്തായ ഈ പദ്ധതി നടപ്പാക്കുന്നത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ നീളുന്ന പാതയാണ് സിൽവർ ലൈനിനായി നിർമ്മിക്കുന്നത്.

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നിലവിലുള്ള ട്രെയിനുകളുടെ ശരാശരി വേഗം 45 കിലോമീറ്ററാണ്. യാത്ര ചെയ്യാൻ വേണ്ടിവരുന്നതാകട്ടെ 10 മുതൽ 12 മണിക്കൂറും. സിൽവർലൈൻ യാഥാർഥ്യമായാൽ അത് മൂന്നു മണിക്കൂർ 54 മിനിറ്റായി ചുരുങ്ങും. പശ്ചിമഘട്ട മലനിരകളേയും പരിസ്ഥിതി

ലോലപ്രദേശങ്ങളെയും പൂർണമായി ഒഴിവാക്കി ഒരുക്കുന്ന ഈ പാത അതുകൊണ്ടു തന്നെ ഭാവികേരളം മുന്നിൽ കണ്ടുള്ള നിർമ്മാണമാണ്. ദേശീയപാതാ വികസനം യാഥാർഥ്യമാകുമ്പോൾ റോഡുകളിലെ ട്രാഫിക് കുരുക്കുകളിൽ നിന്നും നമുക്ക് ആശ്വാസം ലഭിച്ചേക്കുമെന്നായിരുന്നു കണക്കു കൂട്ടൽ. എന്നാൽ അടുത്ത അഞ്ചു വർഷത്തിനകം ദേശീയ പാതകൾ വീണ്ടും വാഹനങ്ങൾ കൊണ്ട് നിറയുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിലിലൂടെ ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തി സുഗമയാത്ര ഉറപ്പാക്കാനുള്ള പദ്ധതിയും ഇന്റർസിറ്റി യാത്രക്കാർക്കു വേണ്ടി ആസൂത്രണം ചെയ്ത പദ്ധതിയും റെയിൽവേ അംഗീകരിച്ചില്ല. വളവുകളും തിരിവുകളും ഏറെയുള്ള പാത ഇരട്ടിപ്പിച്ചാലും കേരളത്തിന്റെ യാത്രാദുരിതങ്ങൾ തീരില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിലാണ് 200 കിലോമീറ്റർ വേഗത്തിൽ രണ്ട് അധിക ലൈനുകളുമായി സംസ്ഥാന സർക്കാർ സിൽവർലൈൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സമ്പൂർണ പരിസ്ഥിതി സൗഹൃദ ഹരിത പദ്ധതി

സിൽവർലൈൻ പദ്ധതി സമ്പൂർണ പരിസ്ഥിതി സൗഹൃദ ഹരിത പദ്ധതിയാണ്. ഏറ്റവും കുറഞ്ഞ കാർബൺ ബഹിർഗമനം മാത്രമാണ് പദ്ധതി മുഖേനെ ഉണ്ടാവുക. ഇതിലൂടെ 2025ൽ ഏകദേശം 2,80,000 ടൺ കാർബൺ നിർമാർജ്ജനം ചെയ്യാൻ കഴിയും. പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവി മേഖലകളിലൂടെയോ പാത കടന്നുപോകുന്നില്ല. പുഴകളുടേയും അരുവികളുടേയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല. നെൽപ്പാടങ്ങളിലും തണ്ണീർത്തടങ്ങളിലും പാത തൂണുകളിലൂടെയാണ് പോകുന്നത്.

ഭൂമി ഏറ്റെടുക്കുന്നതിനു മുന്നോടിയായുള്ള സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. 2019 ൽ ഫീസിബിലിറ്റി റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചത്. ഇങ്ങനെ അനുമതി ലഭിച്ചാൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ ആരംഭിക്കാവുന്നതാണ്. ഇക്കാര്യത്തിൽ നിക്ഷേപത്തിനു മുന്നോടിയായുള്ള നടപടികൾ ആരംഭിക്കാമെന്നാണ് റെയിൽവേയുടെ നയം.

റെയിൽവേ പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി യുടെ ആവശ്യമില്ലെങ്കിലും ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കേരളം നേരത്തെ ദ്രുത പാരിസ്ഥിതികാഘാത പഠനം നടത്തിയിരുന്നു. അതിനു പുറമെ സമഗ്രമായ പാരിസ്ഥിതികാഘാത പഠനം നടന്നു വരികയാണ്. പദ്ധതി കാരണം പരിസ്ഥിതിക്ക് എത്രമാത്രം ആഘാതമുണ്ടാകാൻ സാധ്യതയുണ്ട്, ആഘാതത്തിന്റെ തോത് എത്ര മാത്രം കുറയ്ക്കാൻ സാധിയ്ക്കും, ആഘാതം കുറയ്ക്കാനുള്ള മാർഗങ്ങൾ എന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങളാണ് പഠനവിധേയമാക്കുന്നത്.

63941 കോടി രൂപയാണ് സിൽവർലൈൻ പദ്ധതിക്കായി സർക്കാർ പ്രതീക്ഷിക്കുന്ന ചെലവ്. അതിൽ 6085 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വിഹിതമാണ്. 975 കോടി രൂപ ഇന്ത്യൻ റെയിൽവേയുടെ ഭൂമിയുടെ വിഹിതമാണ്. 56,881 കോടി രൂപ അഞ്ചു വർഷം കൊണ്ടാണ് ചെലവാക്കുന്നത്. എ.ഡി.ബി, എ.ഐ.ഐ.ബി പോലുള്ള സ്ഥാപനങ്ങൾ 20 വർഷം വരെ തിരിച്ചടവുള്ള വായ്പകളാണ് അനുവദിക്കുന്നത്. ജൈക പോലുള്ള സ്ഥാപനങ്ങളാകട്ടെ, വായ്പയുടെ തിരിച്ചടവിനു 40 വർഷം വരെ കാലാവധി അനുവദിക്കുന്നുണ്ട്. വളരെ ചെറിയ പലിശയാണ് ഇവർ ഈടാക്കുന്നതും. അതുകൊണ്ടുതന്നെ സിൽവർ ലൈനിന്റെ ഡി.പി.ആർ പ്രകാരം വായ്പാ തിരിച്ചടവ് പദ്ധതിയുടെ വരുമാനത്തിൽ നിന്നുതന്നെ സാധ്യമാണ്.

പിണറായി വിജയൻ
മുഖ്യമന്ത്രി

സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ യാത്ര ചെയ്യാൻ ഇപ്പോൾ 16 മണിക്കൂർ വരെ എടുക്കുന്ന അവസ്ഥയാണുള്ളത്. അതിനുള്ള പരിഹാരമെന്ന നിലയിലാണ് സർക്കാർ തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽവേ വിഭാവനം ചെയ്തിരിക്കുന്നത്.

2025ൽ പദ്ധതി പൂർത്തിയാക്കും

2018ലാണ് സിൽവർലൈൻ പദ്ധതിയുടെ ആസൂത്രണം ആരംഭിക്കുന്നത്. 2025ൽ ഈ പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആഗോള ടെൻഡറിലൂടെയാണ് നിർമാണകമ്പനികളെ കണ്ടെത്തുന്നത്. അന്താരാഷ്ട്ര നിലവാരമുള്ള പ്രോജക്ട് മാനേജ്മെന്റ് കമ്പനികൾ നിർമാണ പ്രവൃത്തികൾ നിരീക്ഷിക്കും. ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ടുവർഷത്തിനകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാൽ അടുത്ത മൂന്നു വർഷം കൊണ്ടു പണി പൂർത്തിയാക്കും. പദ്ധതിയുടെ നിർമ്മാണം വൈകിയാൽ എസ്റ്റിമേറ്റ് ചെലവും ഉയരും. അതിനാൽ സമയബന്ധിതമായ നിർമ്മാണമാണ് കെ-റെയിൽ ലക്ഷ്യമിടുന്നത്.

11സ്റ്റോപ്പുകൾ

കേരളത്തിലെ വികസിത നഗരങ്ങളിലൂടെയാണ് സിൽവർലൈൻ കടന്നു പോകുന്നത്. പത്ത് ജില്ലാ ആസ്ഥാനങ്ങളിലായി സിൽവർലൈനിന് 11 സ്റ്റോപ്പ് ഉണ്ടാകും. ഇത് ഈ പ്രദേശങ്ങളിലെ ട്രാഫിക് കുറയാൻ കാരണമാകും. സ്പീഡ് ട്രെയിനിനെ അപേക്ഷിച്ചു നിർമ്മാണച്ചെലവും ടിക്കറ്റ് നിരക്കും കുറവായിരിക്കും. അത് സംസ്ഥാനത്തിന്റെ പശ്ചാത്തലസൗകര്യ മേഖലയിലും ടൂറിസം മേഖലയിലും ഏറെ പ്രയോജനം നൽകും. ■

അഭിമാന പദ്ധതികൾ

കേരളത്തിന്റെ അഭിമാന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. സാമൂഹികരംഗത്ത് എന്നപോലെ സാമ്പത്തിക രംഗത്തും രാജ്യത്തിന് മാതൃകയാകാനുള്ള നാടിന്റെ സഞ്ചാരപഥത്തിൽ വിഴിഞ്ഞം പദ്ധതി ഒരു നാഴികക്കല്ലാവും

പുരോഗതിയുടെ പുതുജാലകം തുറന്ന് വിഴിഞ്ഞം

പ്രതിസന്ധികളെല്ലാം തരണം ചെയ്ത് വിഴിഞ്ഞം തുറമുഖം ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വകാര്യപങ്കാളിയായ അദാനി കമ്പനിയുമായി ചേർന്ന് സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരികയാണ്. പുലിമുട്ടിന്റെ നിർമാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിജയം കണ്ടിട്ടുണ്ട്. ഏതാണ്ട് 19 ലക്ഷം ടൺ പാറ നിലവിൽ സംഭരിച്ചിട്ടുണ്ട്. 12,000 ടണ്ണിന് മുകളിൽ ഓരോ ദിവസവും കടലിൽ നിക്ഷേപിക്കുന്നുണ്ട്. പുലിമുട്ടിന്റെ നീളം 1,500 മീറ്റർ പിന്നിട്ടു. പുലിമുട്ട് ബലപ്പെടുത്തുന്നതിനുള്ള അക്രോപോഡുകളുടെ വിന്യാസവും ആരംഭിച്ചിട്ടുണ്ട്. ഇത് വളരെ സൂക്ഷ്മത വേണ്ട ജോലിയാണ്. പരിശീലനം സിദ്ധിച്ച ഡൈവേഴ്സ് ആണ് അക്രോപോഡുകളുടെ വിന്യാസം നടത്തുന്നത്.

പുലിമുട്ടിന്റെ നിർമാണത്തോടൊപ്പം മറ്റ് അനുബന്ധ ഘടകങ്ങളുടെ നിർമാണവും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പ്രാദേശികമായും മറ്റുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ യഥാസമയം ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്ഥലവാസികളുടെ ആവശ്യം പരിഗണിച്ച് പദ്ധതി പ്രദേശത്തെ പുനരധിവാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഐ.എ.എസ് കേഡറിലുള്ള സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ കീഴിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നു. ഇതുവഴി സുതാര്യമായും ക്രിയാത്മകമായും പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ ശ്രമം.

റെയിൽ സൗകര്യം, റിങ് റോഡ്

പദ്ധതിക്ക് ആവശ്യമായ ഭൂമി, ജലം, വൈദ്യുതി, അപ്രോച്ച് റോഡ്, റെയിൽ കണക്റ്റിവിറ്റി എന്നിവ നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതല യാണ്. ഇതിൽ 97% ഭൂമിയും ലഭ്യമാക്കി. ബാക്കി ഭൂമി

വിഴിഞ്ഞം തുറമുഖം കേരളത്തിൽ അവസരങ്ങളുടെ ഒരു പുതിയ വാതായനം തുറക്കും എന്നാണ് പ്രതീക്ഷ. സിൽവർ ലൈൻ പോലുള്ള ആധുനിക ഗതാഗത സംവിധാനങ്ങൾ ഇവിടെയാണ് പ്രസക്തമാകുന്നത്. ക്രൂയിസ് ടൂറിസത്തിന്റെ വളർച്ചക്കും വിപുലമായ സാധ്യതയുണ്ട്. നമ്മുടെ ചെറുകിട തുറമുഖങ്ങളെ ഈ ശൃംഖലയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനും തുറമുഖങ്ങളോടനുബന്ധിച്ച് പുതിയ വ്യവസായങ്ങൾ വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നു

ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതി ലഭ്യമാക്കുന്നതിന് കരാർ കമ്പനി സബ് സ്റ്റേഷന്റെ നിർമാണം പൂർത്തിയാക്കി. കെ.എസ്.ഇ.ബി യുമായി പവർ പർച്ചേസ് എഗ്രിമെന്റിൽ ഏർപ്പെട്ടു. ഈ മാസം തന്നെ വൈദ്യുതി നൽകാൻ കഴിയും. വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയിരം കോടിയലധികം രൂപ മുതൽമുടക്കുള്ള ഈ പദ്ധതി നാലുവർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കേന്ദ്ര സർക്കാരിന്റെ സാഗർമാല ഡവലപ്പ്മെന്റ് കമ്പനിയിൽ നിന്നുള്ള ഇക്വിറ്റി നിക്ഷേപം പ്രതീക്ഷിക്കുന്നു. വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിനുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്കും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് ജില്ലയിലെ ഉൾപ്രദേശങ്ങളുടെ വ്യവസായ വികസനത്തിനും ഗതാഗത രംഗത്തെ കുതിച്ചു ചാട്ടത്തിനും അവസരമൊരുക്കുന്നതാണ്.

മികച്ച നഷ്ടപരിഹാര പദ്ധതികൾ

തുറമുഖത്തിന്റെ നിർമാണത്തിനുവേണ്ടി നടത്തിയ പാരിസ്ഥിതിക - സാമൂഹിക ആഘാത പഠന റിപ്പോർട്ടിൽ പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരത്തേയും പുനരധിവാസത്തേയും കുറിച്ച് പരാമർശിച്ചിരുന്നു. പാരിസ്ഥിതിക അനുമതി ലഭിച്ചപ്പോൾ

തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുവാൻ സർക്കാർ തീരുമാനം എടുത്തിരുന്നു. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും അവരുടെ പുനരധിവാസത്തിന് വിശദമായ പാക്കേജ് തയ്യാറാക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായും ഫിഷറീസ് ജോയിന്റ് ഡയറക്ടർ കൺവീനറായും, സി.എം.എഫ്.ആർ.ഐ, തുറമുഖ വകുപ്പ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഉപജീവനാഘാത നിർണയ സമിതിയും [Livelihood Impact Appraisal Committee - LIAC] സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിച്ച് തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു അപ്പീൽ കമ്മറ്റിയും രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റികൾ യോഗം ചേർന്ന് ഉപജീവനാഘാതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നൽകിയ ശുപാർശകളെല്ലാം സർക്കാർ അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ട്. ചിപ്പി/ലോബ്സ്റ്റർ, കരമടി മത്സ്യബന്ധന വിഭാഗങ്ങളിൽ പെട്ടവർക്കും റിസോർട്ട് തൊഴിലാളികൾക്കും സ്വയം സഹായ സംഘങ്ങളിലെ ഗുണഭോക്താക്കൾക്കും നഷ്ടപരിഹാരം നൽകി. നിർമാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയും മത്സ്യഫെഡ് വഴി വിതരണം ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് 20 കോടി രൂപയുടെ നഷ്ടപരിഹാരം കേന്ദ്രം ശുപാർശ ചെയ്തപ്പോൾ സംസ്ഥാന സർക്കാർ ഇതുവരെ ഏതാണ്ട് 100 കോടി ഈ ഇനത്തിൽ ചെലവാക്കികഴിഞ്ഞു.

ഊർജപാർക്ക്

തുറമുഖങ്ങളിൽ പുനരുപയോഗിക്കാവുന്ന ഊർജത്തിന്റെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ മാരിടൈം ഇന്ത്യാ വിഷൻ, 2030 എന്ന ലേഖനത്തിൽ ഊന്നിപ്പറയുന്നുണ്ട്. പുനരുപയോഗിക്കാവുന്ന ഊർജം സംബന്ധിച്ച സംസ്ഥാനത്തെ നോഡൽ ഏജൻസിയായ അനർട്ടുമായി ചേർന്ന് വിഴിഞ്ഞം തുറമുഖത്തിനോടനുബന്ധിച്ച് ഒരു റിന്യൂവബ്ൾ എനർജി പാർക്ക് സ്ഥാപിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. തിരമാല, സൗരോർജം, കാറ്റ്, ജൈവമാലിന്യം തുടങ്ങിയ വിവിധ സ്രോതസ്സുകളെ വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്ന പരമ്പരാഗത ഊർജസ്രോതസ്സുകൾക്ക് പകരം ഹരിത ഹൈഡ്രജൻ ഉത്പാദിപ്പിക്കുന്ന, പുനർനിർമിക്കാവുന്ന ഊർജസ്രോതസ്സുകളാണ് നിർദിഷ്ട എനർജി പാർക്കിൽ ഉപയോഗിക്കുന്നത്.

കണ്ടയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ

രാജ്യത്തെ കണ്ടയ്നറുകളുടെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വിഴിഞ്ഞം മാറും. ഇപ്പോൾ ദുബായ്, സിംഗപ്പൂർ, കൊളംബോ, സലാല തുറമുഖങ്ങളെ ആശ്രയിക്കുന്ന കണ്ടയ്നർ വ്യവസായം നമ്മുടെ സംസ്ഥാനത്തേക്ക് പറിച്ചുനടാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തെ സർവീസ് മേഖലകളിൽ പ്രത്യേകിച്ച് ടൂറിസം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിൽ വലിയ കുതിച്ചുചാട്ടമാണ് പ്രതീക്ഷിക്കുന്നത്. ഈ പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ സംസ്ഥാനം വാണിജ്യം, വ്യവസായം, ഗതാഗതം തുടങ്ങിയ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കേണ്ടതുണ്ട്. അതിനാവശ്യമായ മുതൽമുടക്ക് നടത്തുവാൻ സർക്കാർ അവസരം ഒരുക്കും. സിൽവർ ലൈൻ പോലുള്ള ആധുനിക ഗതാഗത സംവിധാനങ്ങൾ ഇവിടെയാണ് പ്രസക്തമാകുന്നത്. ക്രൂയിസ് ടൂറിസത്തിന്റെ വളർച്ചക്കും വിപുലമായ സാധ്യതയുണ്ട്. നമ്മുടെ ചെറുകിട തുറമുഖങ്ങളെ ഈ ശൃംഖലയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനും തുറമുഖങ്ങളോടനുബന്ധിച്ച് പുതിയ വ്യവസായങ്ങൾ വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നു. വിഴിഞ്ഞം തുറമുഖം കേരളത്തിൽ അവസരങ്ങളുടെ ഒരു പുതിയ വാതായനം തുറക്കും എന്നാണ് പ്രതീക്ഷ. ■

മലയോരം താണ്ടാൻ മനോഹരപാത

ദേശീയ പാതയുടെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് പച്ചപ്പിന് നടുവിലൂടെ ശാന്തമായ യാത്ര സാധ്യമാക്കുകയാണ് സംസ്ഥാനത്തെ മലയോര ഹൈവേകൾ. ഗതാഗത സൗകര്യം വർധിക്കുന്നതിനൊപ്പം മലയോരത്തിന്റെ സമ്പദ്ഘടന യിൽ മാറ്റങ്ങളുണ്ടാക്കുന്ന ഈ ബൃഹദ്പദ്ധതിയിലൂടെ കേരളത്തിന്റെ ടൂറിസം സാധ്യതകളും വർധിക്കുകയാണ്

മലയോരമില്ലാത്ത ആലപ്പുഴ ഒഴികെ സംസ്ഥാനത്തെ തെക്ക്-വടക്ക് മലയോര പ്രദേശങ്ങളെ കോർത്തിണക്കുന്ന സ്വപ്നപദ്ധതിയാണ് മലയോര ഹൈവേ. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവിൽ നിന്നും ആരംഭിക്കുന്ന ഈ പാത തിരുവനന്തപുരം ജില്ലയിലെ വിതുര-പാറശ്ശാലയിലാണ് അവസാനിക്കുന്നത്. 1251 കിലോമീറ്റർ നീളമുള്ള ഹിൽ ഹൈവേയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

നന്ദാരപ്പടവ് -ചേവാർ, കണ്ണൂർ ജില്ലയിലെ ചെറുപുഴ -വള്ളിത്തോട് ,കൊല്ലത്തെ പുനലൂർ കെ. എസ്. ആർ. ടി. സി. ജംഗ്ഷൻ -ചല്ലിമുക്ക് തുടങ്ങി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഇതിനകം ഈ പാത യാഥാർഥ്യമായിക്കഴിഞ്ഞു. ആകെയുള്ള 1251 കിലോമീറ്ററിൽ മറ്റു റോഡ് വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയവ ഒഴികെയുള്ള 903.83 കിലോ മീറ്റർ പാതയാണ് മലയോര ഹൈവേ പദ്ധതിപ്രകാരം സാക്ഷാത്കരിക്കുന്നത്. അതിൽ 739.34 കിലോ മീറ്റർ ഡി പി ആർ തയ്യാറായിക്കഴിഞ്ഞു. 652.64 കിലോ മീറ്റർ പ്രവൃത്തിക്ക് 2175.14 കോടി രൂപ അനുവദിച്ചതോടെ മലയോര ഹൈവേയുടെ നിർമാണം ഈ വർഷം തന്നെ പൂർത്തിയാകുമെന്ന് ഉറപ്പായിരിക്കുകയാണ്.

സംരക്ഷണഭിത്തികൾ, കാൽനടയാത്രയ്ക്കായി പ്രത്യേകമായ ഇന്റർലോക്ക് ടൈൽ ചെയ്ത നടപ്പാതകൾ, കോൺക്രീറ്റ് ഓടകൾ, കലുങ്കുകൾ, യൂട്ടിലിറ്റി ക്രോസ്സ് ഡെക്റ്റുകൾ എന്നിവ ഉൾപ്പെടുന്നതാണ് മലയോര ഹൈവേ. പൊതുഗതാഗതം ഉപയോഗപ്പെടുത്തുന്നവർക്കായി ബസ്സ് ഷെൽട്ടറുകളും, വാഹന യാത്രക്കാർക്കായി വേ സൈഡ് അമിനിറ്റി സെന്ററും ഉൾപ്പെടുന്നുണ്ട്.

പുത്തൻ സാങ്കേതികവിദ്യകൾ

റോഡ് നിർമാണ രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയാണ് ഹൈവേയുടെ പണികൾ പുരോഗമിക്കുന്നത്. നിർമാണ പുരോഗതി വിലയിരുത്താനുള്ള സമിതികൾ ഉൾപ്പെടുന്നതാണ് മലയോര ഹൈവേ നിർമാണ സംവിധാനം. കൃത്യമായ ഗുണമേന്മയും അനുപാതവും ഉറപ്പുവരുത്തുന്ന റോഡ് നിർമാണത്തിൽ അത്യാധുനിക സങ്കേതങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. നാടിന്റെ വികസനത്തിന് ഈടുറ്റതും മെച്ചപ്പെട്ടതുമായ ഗതാഗത സംവിധാനം വേണമെന്ന കാഴ്ചപ്പാടാണ് ഇത്തരം ബൃഹത്തായ റോഡു വികസന പദ്ധതികളിലൂടെ സർക്കാർ സാധ്യമാക്കുന്നത്. ഗ്രാമീണ റോഡുകൾ അടക്കം സംസ്ഥാനത്തെ 98 ശതമാനം റോഡുകളും ഇതിനകം

ഗതാഗതയോഗ്യമായിട്ടുണ്ട്. അതിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 9530 കി.മീറ്റർ റോഡുകളും ഉൾപ്പെടുന്നുണ്ട്.

1,451 കോടി രൂപ മുതൽമുടക്കി കിഫ്ബിയുടെ സഹായത്തോടെ നിർമിക്കുന്ന 189 റോഡുകൾ,158 കിലോമീറ്റർ കെഎസ് ടി പി റോഡുകൾ, ഫ് ളൈഓവറുകളുമടക്കം 21 പാലങ്ങൾ, 671 കോടി രൂപ മുതൽ മുടക്കുള്ള 41 കിഫ്ബി പദ്ധതികൾ തുടങ്ങിയവയുടെ നിർമാണവും അടുത്തുതന്നെ പൂർത്തിയാക്കും. രണ്ടാം 100 ദിന കർമപരിപാടിയുടെ ഭാഗമായാണ് ചില റോഡുകളുടെ നിർമാണം ആരംഭിക്കുന്നത് .ഈ കർമപദ്ധതിയിൽ ഉൾപ്പെട്ട വികസനപദ്ധതികൾ മുൻകാലങ്ങളിലെന്ന പോലെ തടസ്സം കൂടാതെ പൂർത്തിയാകുമ്പോൾ കേരളത്തിലെ റോഡുഗതാഗതം കൂടുതൽ സുഗമമാകുമെന്ന കാര്യം ഉറപ്പാണ്.

സംരക്ഷണഭിത്തികൾ, കാൽനട യാത്രയ്ക്കായി ഇന്റർലോക്ക് നടപ്പാതകൾ, ഓടകൾ, കലുങ്കുകൾ, ബസ് ഷെൽട്ടറുകൾ, വാഹന യാത്രക്കാർക്കായി വൺ വേ സൈഡ് അമിനിറ്റി സെന്ററുകൾ എന്നിവയുള്ള പാതകൾ. ■

മലയോര ഹൈവേ ഒറ്റനോട്ടത്തിൽ

ആകെ ദൂരം:1,251 കിലോമീറ്റർ (കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശാല വരെ)

കെആർഎഫ്ബി വഴി	- 915 കി.മീ
നിർമാണം പുരോഗമിക്കുന്നത്	- 311 കി.മീ
പൂർത്തിയായത്	- 93.68 കി.മീ
സാങ്കേതികാനുമതി ലഭിച്ചത്	- 441.67 കി.മീ
വിശദ പദ്ധതിരേഖ സമർപ്പിച്ചത്	- 739.34 കി.മീ
വിശദപദ്ധതിരേഖ തയാറാവുന്നത്	- 175.66 കി.മീ

ചെലവ്:	3,500 കോടിരൂപ
ധനാനുമതി തുക	- 2175.14 കോടി
ധനാനുമതി ലഭിച്ചത്	- 652.64 കി.മീ

തീരദേശ ഹൈവേ
തീരക്കാറ്റേറ്റ് സുഗമയാത്ര

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അന്തർദേശീയ നിലവാരത്തിൽ സൈക്കിൾപാതയോടു കൂടിയ വിശാലപാതാ നിർമ്മാണമാണ് തീരദേശ ഹൈവേ പദ്ധതി. തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് കുഞ്ചത്തൂർ വരെ 14 മീറ്റർ വീതിയിലുള്ള പാതയുടെ നിർമ്മാണത്തിന് 6500 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്

നിർമ്മാണം പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ പുതിയ അധ്യായമെഴുതുന്ന പദ്ധതികളിലാവും തീരദേശ ഹൈവേയുടെ സ്ഥാനം. മഞ്ചേശ്വരം മുതൽ തിരുവനന്തപുരം ജില്ലയിലെ പൂവാർ വരെ നീളുന്ന 623 കിലോമീറ്ററിൽ തീരദേശത്തെ റോഡിലൂടെ ബന്ധിപ്പിക്കുന്ന സുഗമപാതയാണ് പദ്ധതി. ദീർഘമായ കടൽത്തീരമുള്ള കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകളും സുഗമമായ യാത്രയും ഉറപ്പാക്കുന്ന ഈ പാതയുടെ നിർമ്മാണം മറ്റു വികസനപദ്ധതികളെപ്പോലെ അതിവേഗം പുരോഗമിക്കുകയാണ്. വൈകാതെ തന്നെ മലയോരത്തെ ബന്ധിപ്പിക്കുന്ന മലയോരപാതയേയും ദേശങ്ങളെ ബന്ധിപ്പിക്കുന്ന ദേശീയ പാതയേയും പോലെ കേരളത്തിന്റെ ഗതാഗതസംവിധാനത്തിന്റെ ഗതിവേഗം വർധിപ്പിക്കുന്ന പാതയായി തീരദേശ ഹൈവേയും യാഥാർഥ്യമാകും.

ഒൻപത് ജില്ലകളിലൂടെ പാത, 6500 കോടിയുടെ പദ്ധതി

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഒൻപതു ജില്ലകളിലൂടെയാണ്

തീരദേശ ഹൈവേ ഒറ്റനോട്ടത്തിൽ

- വരുന്നത് 625 കിലോമീറ്റർ വരുന്ന തീരപാത, സൈക്കിൾ ട്രാക്കോടു കൂടിയുള്ള നിർമ്മാണം
- കേരളത്തിന്റെ തീരമേഖലയുടെ വികസനം സാധ്യമാക്കും, ടൂറിസം സാധ്യതകൾ വർധിക്കും.
- മലപ്പുറം ജില്ലയിലെ രണ്ട് സ്ട്രെച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു.
- അഴിക്കോട് മുനമ്പം പാലം ടെൻഡർ ചെയ്തു. കോഴിക്കോട് രണ്ട് സ്ട്രെച്ചുകൾക്കും കണ്ണൂരിൽ ഒരു സ്ട്രെച്ചിനും സാമ്പത്തികാനുമതി. തിരുവനന്തപുരം ജില്ലയിലെ ഒരു സ്ട്രെച്ചിന് സ്ഥലമേറ്റെടുക്കലിനും അനുമതി.
- മാർച്ച് ആദ്യത്തോടെ പദ്ധതിരേഖ പൂർത്തിയാകും.

ഈ ബൃഹത്തായ പദ്ധതി കടന്നുപോകുന്നത്. വല്ലാർപ്പാടം, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെയും നിരവധി ചെറിയ തുറമുഖങ്ങളേയും ബന്ധിപ്പിക്കുന്നതാണ് തീരദേശ ഹൈവേ. ദേശീയ പാതയിലെ ഗതാഗതത്തിരക്ക് കുറയ്ക്കുക, പ്രധാന മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യബന്ധന മേഖലകളേയും ബന്ധിപ്പിക്കുക, വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 6500 കോടി രൂപ ചെലവിലാണ് കിഫ്ബി വഴി തീരദേശ ഹൈവേ നിർമ്മിക്കുന്നത്.

തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് കുഞ്ചത്തൂർവരെ 14 മീറ്റർ വീതിയിലാണ് പാതയുടെ നിർമ്മാണം. 625 കിലോ മീറ്റർ വരുന്ന തീരപാതയിൽ ബസ് ബേകൾ, നടപ്പാത, സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടുന്നുണ്ട്. ടൂറിസം മേഖലയിലെ മുന്നേറ്റത്തിനും അതോടൊപ്പം പൊതുവികസനത്തിനും ഗതാഗതത്തിനും പാത ഉപകരിക്കും. കണ്ണൂരിലെ അഴീക്കലിൽ നിന്ന് മാട്ടൂലിനെ ബന്ധിപ്പിക്കാൻ പാലം നിർമിക്കും. പയ്യാമ്പലം, മുഴപ്പിലങ്ങാട് ബീച്ച്, ധർമടം തുരുത്ത്, തലശ്ശേരി, കണ്ണൂർ കോട്ടകൾ തുടങ്ങിയവയുടെ സാധ്യതകൾ പരിഗണിച്ചാണ് പാത നിർമാണം പുരോഗമിക്കുന്നത്. ഈ മാതൃകയിൽ സംസ്ഥാനത്തെ പല സ്ഥലങ്ങളിലും പാലങ്ങൾ നിർമ്മിച്ചും ജലാശയങ്ങളുടെ ആഴം കൂട്ടിയുമുള്ള നിർമ്മാണങ്ങൾ സാധ്യമാക്കും. കണ്ണൂരിലെപ്പോലെ എല്ലാ ജില്ലകളിലും വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് പാലങ്ങളുടെയും പാതയുടെയും നിർമാണം നടക്കുന്നത്.

17 റീച്ചുകളിൽ തീരദേശ പാത

17 റീച്ചുകളായാണ് തീരദേശ പാത നിർമാണം. നിലവിലെ റോഡ് വീതി കൂട്ടുകയാണ് പദ്ധതിയുടെ പ്രാരംഭലക്ഷ്യം. 14 മീറ്റർ വീതി ലഭ്യമായ സ്ഥലങ്ങളിൽ അവ പ്രയോജനപ്പെടുത്തിയും ബാക്കി പ്രദേശങ്ങളിൽ എലവേറ്റഡ് പാതകൾ നിർമ്മിച്ചും പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് മലപ്പുറം ജില്ലയിലെ രണ്ട് സ്ട്രെച്ചുകളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര പാലം മുതൽ ഉണ്യാൽ ജങ്ഷൻ വരെയുള്ള 15 കിലോമീറ്റർ ഹൈവേയുടെ നിർമാണമാണ് പുരോഗമിക്കുന്നത്. 52.78 കോടിരൂപയാണ് ചെലവ്. മലപ്പുറത്തിന്റെ തീരപ്രദേശത്തുകൂടി കടന്നുപോകുന്ന ടിപ്പു സുൽത്താൻ റോഡുമായി ബന്ധപ്പെട്ടാണ് തീരദേശ ഹൈവേയുടെ ആദ്യസ്ട്രെച്ച്.

ഇതിനൊപ്പം കോഴിക്കോട് രണ്ടു സ്ട്രെച്ചുകൾക്കും കണ്ണൂരിൽ ഒരു സ്ട്രെച്ചിനും സാമ്പത്തികാനുമതി ലഭിച്ചു കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ ഒരു സ്ട്രെച്ചിന് സ്ഥലമേറ്റെടുക്കലും ഉടൻ പൂർത്തിയാകും. വൈകാതെ തന്നെ വിശദ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ തീരദേശപാതകളുടെ നിർമാണം ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള ദേശീയപാതകളും സംസ്ഥാനപാതകളും തീരദേശ ഹൈവേയുടെ ഭാഗമാക്കിയും പുതിയ നിർമ്മാണങ്ങൾ നടത്തിയും മൂന്ന് ഘട്ടങ്ങളായാണ് തീരദേശ ഹൈവേ പദ്ധതി നടപ്പാക്കുന്നത്. ■

അഭിമാന
പദ്ധതികൾ

ഔട്ടർ റിംഗ് റോഡ് പദ്ധതി

മുഖം മാറുന്ന നഗരപാതകൾ

തലസ്ഥാനത്ത് വിഴിഞ്ഞം ബൈപ്പാസു മുതൽ നാവായിക്കുളം വരെ 78.894 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലുമുള്ള ഔട്ടർ റിംഗ് റോഡും കണ്ണൂർ നഗര പാതാവികസന പദ്ധതിപ്രകാരം 401.467 കോടി രൂപയുടെ വികസനവും ആലപ്പുഴ നഗരത്തിലെ 21 റോഡുകളിലായി 47 കിലോമീറ്റർ നവീകരണവുമാണ് നഗരപാതാ വികസന പദ്ധതിയിലൂടെ നടക്കുന്നത്. ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണം നഗരങ്ങളിൽ പുരോഗമിക്കുകയാണ്

നമ്മുടെ നാടിന്റെ വികസനത്തിന് ഈടുറ്റതും മെച്ചപ്പെട്ടതുമായ ഗതാഗത സംവിധാനം വേണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേരളം ദേശീയപാത മുതൽ മലയോര ഹൈവേ വരെ വികസിപ്പിക്കുകയാണ്. തിരുവനന്തപുരം ഔട്ടർ റിങ് റോഡുകൾ, കണ്ണൂർ നഗരപാത, ആലപ്പുഴ നഗരപാത എന്നിങ്ങനെ നമ്മുടെ നഗരപാതകളുടെ വികസനവും ഇതിനൊപ്പം യാഥാർഥ്യമാകുന്നു. റോഡ് നിർമ്മാണ രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയാണ് ഇവയെല്ലാം പൂർത്തിയാക്കുന്നത്.

ഭാവിയിൽ ആറുവരിയായി വികസിപ്പിക്കാനാകും വിധമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. തലസ്ഥാന നഗരത്തിലെ റോഡുകളിലെ തിരക്ക് ഗണ്യമായി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 871 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്

തിരുവനന്തപുരം ഔട്ടർ റിങ് റോഡ്

തിരുവനന്തപുരത്ത് ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ഔട്ടർ റിങ് റോഡ് നിർമാണം പുരോഗമിക്കുകയാണ്. ഭാവിയിൽ ആറുവരിയായി വികസിപ്പിക്കാനാകും വിധമാണ് ഈ പദ്ധതി നടപ്പാക്കുന്നത്.തലസ്ഥാന നഗരത്തിലെ റോഡുകളിലെ തിരക്ക് ഗണ്യമായി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 871 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

വിഴിഞ്ഞം മുതൽ മംഗലപുരം വരെയുള്ള തലസ്ഥാനത്തെ ഔട്ടർ റിങ് റോഡ് പദ്ധതി ഇപ്പോൾ നാല് വരിപ്പാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. വെങ്ങാനൂർ, കല്ലിയൂർ, പള്ളിച്ചൽ, മലയിൻകീഴ്, മാറനല്ലൂർ, കാട്ടാക്കട, വിളപ്പിൽ, പൂവച്ചൽ, അരുവിക്കര, കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം, മംഗലപുരം എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതാണ് ഔട്ടർ റിങ് റോഡുകൾ.

കണ്ണൂർ നഗരപാതാ വികസനപദ്ധതി

കണ്ണൂർ പട്ടണത്തിലെ ഗതാഗതക്കുരുക്കിനു പരിഹാരം കാണുന്നതിനും ലോകോത്തര നിലവാരത്തിലുള്ള റോഡുകളും അനുബന്ധ സൗകര്യങ്ങളും ഉപയോക്താക്കൾക്കു ലഭ്യമാക്കുന്നതിനും കേരള റോഡ് ഫണ്ട് ബോർഡ് വഴി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കണ്ണൂർ നഗരപാതാ വികസന പദ്ധതി.

401.467 കോടി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 26 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ മൂന്നെണ്ണം ഒഴികെ ബാക്കി എല്ലാ കോറിഡോറുകളും ഭൂമി ഏറ്റെടുത്താണ് റോഡ് നവീകരിക്കുന്നത്. നാലു കോറിഡോറുകളിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. മറ്റു പ്രദേശങ്ങളിൽ സാമൂഹിക ആഘാതപഠനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മുനീശ്വരൻ കോവിൽ ജംഗ്ഷനിൽ നിന്നുള്ള ഇന്നർ റിങ്ങ് റോഡ്, ഓഫീസേഴ്സ് ക്ലബ് ജംഗ്ഷനിൽ നിന്നുള്ള പട്ടാളം റോഡ്, എസ്പിസിഎ ജംഗ്ഷനിൽ നിന്നുള്ള ജയിൽ റോഡ് എന്നിവയുടെ നിർമ്മാണം ഉടൻ ആരംഭിക്കും.

ആലപ്പുഴ നഗര റോഡ് വികസന പദ്ധതി

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ ആലപ്പുഴ നഗരപാത വികസന പദ്ധതിയിലൂടെയാണ് നഗരത്തിലെ റോഡുകൾ നവീകരിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കുശേഷം മൂന്നാമതായാണ് ആലപ്പുഴ നഗരവികസന പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഇതനുസരിച്ച് റോഡുകളുടെ നവീകരണം ആരംഭിച്ചു കഴിഞ്ഞു. കൈതവനയിൽനിന്ന് കളർകോട് ചേരുന്ന റോഡ് ഉൾപ്പെടെ മൂന്ന് റോഡുകളാണ് ആദ്യഘട്ടത്തിൽ വികസിപ്പിച്ചത്. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചു നിർമ്മിക്കുന്ന റോഡുകളുടെ ശൃംഖലയിൽ 20 ഇടനാഴികളാണുള്ളത്. നഗര റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പുറമേ ഫുട്പാത്തുകൾ, സൈക്കിൾ യാത്രികർക്കായി പ്രത്യേക സൈക്കിൾപാത, അഴുക്കുചാലുകൾ, തെരുവ് വിളക്കുകൾ, അടയാളങ്ങൾ, കാൽനട യാത്രക്കാർക്ക് വേണ്ട സൗകര്യങ്ങൾ എന്നിവയോടു കൂടിയാണ് റോഡുകളുടെ നിർമ്മാണം നടത്തുന്നത്. നഗരത്തിലെ 21 റോഡുകളിലായി 47 കിലോമീറ്റർ നവീകരണമാണ് പദ്ധതിയിലൂടെ നടക്കുന്നത്. 23.4 കിലോമീറ്ററിലാണ് സൈക്കിൾപാത നിർമിക്കുന്നത്. ■

തെക്കും വടക്കും തൊടാൻ ജലപാത

തെക്ക് കോവളം മുതൽ വടക്ക് ഹോസ്ദുർഗ് വരെ 590 കി. മീറ്ററിൽ നദികളേയും കായലുകളേയും ബന്ധിപ്പിച്ചും അവയില്ലാത്ത സ്ഥലങ്ങളിൽ കനാലുകളിലൂടെ ഗതാഗതം സാധ്യമാക്കിയും ജലപാതയൊരുക്കുകയാണ് കേരളം. മുഴുവൻ ജലപാതയും ദേശീയ ജലപാതാ നിലവാരത്തിലെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഏറ്റവും കുറഞ്ഞത് 40 മീറ്റർ വീതിയും 2.2 മീറ്റർ ആഴവുമുള്ള തെക്കു – വടക്ക് ജലപാത 2025 ഓടെ പൂർത്തിയാകും. മൂന്ന് ഘട്ടങ്ങളും പൂർത്തിയാകുന്നതോടെ വെസ്റ്റ് കോസ്റ്റ് കനാൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ മനുഷ്യനിർമിത ജലപാതകളിൽ ഒന്നായി മാറും

വിപുലമായ ജലപാത ശൃംഖലയുള്ള നാടാണ് കേരളം. 44 നദികളും കായലുകളും ഒട്ടേറെ തടാകങ്ങളും അവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള കനാലുകളും ഉൾപ്പെട്ട വിപുലമായ ജലഗതാഗത സംവിധാനം പലഘട്ടങ്ങളിലായി കേരളത്തിൽ രൂപപ്പെട്ടിരുന്നു. നദികളേയും കായലുകളേയും ബന്ധിപ്പിച്ചും അവയില്ലാത്ത സ്ഥലങ്ങളിൽ കനാലുകളിലൂടെയും ഗതാഗതം സാധ്യമാക്കുന്ന ജലപാതയാണ് വെസ്റ്റ് കോസ്റ്റ് കനാൽ. തെക്ക് കോവളം മുതൽ വടക്ക് ഹോസ്ദുർഗ് വരെ 590 കി.മി ആണ് ഇതിന്റെ നീളം. രൂപപരമായി നിലവിലുണ്ടെങ്കിലും മിക്കഭാഗങ്ങളും ഉപയോഗക്ഷമമല്ലാത്ത ഈ ജലപാത ദേശീയ ജലപാതാ വികസനത്തിന്റെ ഭാഗമായി സർക്കാർ പുനരുജ്ജീവിപ്പിക്കുകയാണ്.

കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മി നീളത്തിലുള്ള ജലപാത ഉപയോഗക്ഷമമായിക്കഴിഞ്ഞു. കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിന് കീഴിലുള്ള ഇൻലാൻഡ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലുള്ളതിനാൽ ഇത് ദേശീയ ജലപാത-3 എന്ന് അറിയപ്പെടുന്നു. ഇത് കൂടാതെ ഉദ്യോഗമണ്ഡൽ കനാൽ (കൊച്ചി-പാതാളം 23 കി.മി), ചമ്പക്കര കനാൽ (കൊച്ചി-അമ്പലമുകൾ 14 കി.മി) എന്നിവയും IWAI യുടെ പരിധിയിൽ വരുന്നതും യാത്രായോഗ്യമാണ്.

സ്റ്റാൻലി

തെക്ക് കോവളം മുതൽ കൊല്ലം വരെയും വടക്ക് ഹോസ്ദുർഗ് വരെയുമാണ് ഇനി ഈ പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കേണ്ടത്.

പാർവതി പുത്തനാറും കനോലി കനാലും

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായുള്ള പാർവതി പുത്തനാർ, ട്രിവാൻഡ്രം-ഷൊർണൂർ (ടി-എസ്) കനാൽ ഒരു നൂറ്റാണ്ട് മുമ്പുതന്നെ പൂർത്തിയായിരുന്നു. കോവളത്ത് തുടങ്ങി ഭാരതപ്പുഴ വരെ വിവിധ നദികളേയും കായലുകളേയും ബന്ധിപ്പിച്ചാണ് ടി-എസ്.കനാൽ നിർമിക്കപ്പെട്ടത്. ഇതുകൂടാതെ പൊന്നാനി, കടലുണ്ടി, കുറ്റ്യാടി നദികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കനോലി കനാലും നേരത്തെ വലിയ തോതിൽ ഉപയോഗിക്കപ്പെട്ടിരുന്നു. ഈ കനാലുകളുടെ മിക്ക ഭാഗങ്ങളും നിലവിലുണ്ടെങ്കിലും ഉപയോഗക്ഷമമല്ല. അവയെ വികസിപ്പിക്കുകയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നദികളേയും കായലുകളേയും ബന്ധിപ്പിക്കുകയും ചെയ്യുന്ന ഇടമുറിയാത്ത പുതിയ ജലപാതയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പാർവതി പുത്തനാറിന്റെ ഭാഗമായുള്ള നാലു കിലോമീറ്റർ, ടി.എസ് കനാലിന്റെ ഭാഗമായുള്ള വർക്കലയിലെ ഏഴു കിലോമീറ്റർ, കോഴിക്കോട് ടൗണിലുള്ള കനോലി കനാലിന്റെ നാല് കിലോ മീറ്റർ എന്നിങ്ങനെ നിലവിലുള്ള വിവിധ കനാലുകളിൽ ഒട്ടും ഉപയോഗയോഗ്യമല്ലാത്ത പ്രദേശങ്ങൾ മാലിന്യമുക്തമാക്കാനും ചിലയിടങ്ങൾ പുനർനിർമിക്കാനുമുള്ള ഒന്നാം ഘട്ട പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. വടകര-മാഹി കനാൽ (17.8 കി.മി), മാഹി-എരഞ്ഞോളി കനാൽ (10 കി.മി), എരഞ്ഞോളി-അഞ്ചരക്കണ്ടി കനാൽ (0.7 കി.മി), അഞ്ചരക്കണ്ടി-വളപട്ടണം കനാൽ (15 കി.മി) എന്നീ കൃത്രിമ കനാലുകളുടെ നിർമ്മാണവും പൂർത്തിയാവുകയാണ്. പദ്ധതിയുടെ ഭാഗമായി മാഹി - അഞ്ചരക്കണ്ടി ഭാഗത്ത് 10 കിലോമീറ്റർ നീളത്തിൽ രണ്ട് പുതിയ കനാലുകൾ നിർമിക്കും. ഇരു വശങ്ങളിലും അനുബന്ധ പാതകളുമുണ്ടാകും. അഞ്ചരക്കണ്ടി-വളപട്ടണം പുഴകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള 15 കിലോമീറ്റർ ഭാഗത്താണ് പുതിയ കനാൽ നിർമ്മിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ആലപ്പുഴ പട്ടണത്തിലെ കനാലുകൾ വൃത്തിയാക്കിക്കഴിഞ്ഞു.

നിലവിലുള്ള കനാലുകളുടെ വീതികൂട്ടൽ, കയ്യേറ്റം ഒഴിപ്പിക്കൽ, പുനരധിവാസം എന്നീ പ്രവൃത്തികളാണ് ജലപാതാ വികസനത്തിന്റെ രണ്ടാംഘട്ടത്തിൽ സർക്കാർ ലക്ഷ്യമിടുന്നത്. ഹോസ്ദുർഗ് മുതൽ ബേക്കൽ വരെ 16 കി.മി ജലപാത ബന്ധിപ്പിക്കുന്നതിനായി 10.8 കിലോമീറ്റർ കൃത്രിമ കനാൽ നിർമിക്കും. പാർവതി പുത്തനാർ ഒഴുകുന്ന വിവിധ മേഖലകൾ, വർക്കല ടൗൺ, കോഴിക്കോട് ടൗൺ എന്നിവിടങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കും. ചരക്കുനീക്കത്തിന് വലിയ ബാർജുകൾ പോകുന്ന തരത്തിലാണ് ഈ കനാലുകൾ വികസിപ്പിക്കുന്നത്.

മൂന്നാം ഘട്ട നിർമ്മാണങ്ങൾ പൂർത്തിയാകുന്നതോടെ മുഴുവൻ ജലപാതയും ദേശീയ ജലപാതാ നിലവാരത്തിലെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഏറ്റവും കുറഞ്ഞത് 40 മീറ്റർ വീതിയും 2.2 മീറ്റർ ആഴവുമുള്ള ജലപാതയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കുന്നത്.

കോവളം മുതൽ ഹോസ്ദുർഗ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഏറ്റവും പ്രധാന സവിശേഷത അത് അറബിക്കടലിന് സമാന്തരമായി നിലകൊള്ളുന്നു എന്നതാണ്. നിരവധി സ്ഥലങ്ങളിൽ കടലിനോട് ഈ കനാലിന് നേരിട്ട് ബന്ധവുമുണ്ട്. ദേശീയ പാത-66, സംസ്ഥാന പാതകൾ എന്നിവയുടെ സാമീപ്യം ഉള്ളതിനാൽ ജലപാതയുടെ വികസനം വിവിധങ്ങളായ ഗതാഗത സംവിധാനങ്ങളുടെ ഏകോപനത്തിന് ഉപകരിക്കും. സംസ്ഥാനത്തിന്റെ യാത്രാ, ചരക്കുനീക്ക മേഖലകളിൽ വലിയ മാറ്റം കൊണ്ടുവരാനും വിനോദസഞ്ചാരം, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയിൽ വലിയതോതിൽ പുരോഗതിയുണ്ടാക്കാനും ഈ ജലപാതയ്ക്ക് കഴിയും. ■

വാട്ടർ മെട്രോ, കനാൽ ഗതാഗത പദ്ധതി

കൊച്ചിയുടെ ജലയാത്രകൾ

വ്യോമ, റെയിൽ,റോഡ് ഗതാഗതമാർഗങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കി അഭിമാനകരമായ ദൂരങ്ങൾ താണ്ടിയ കൊച്ചി ജലയാത്രയിലും അത് ആവർത്തിക്കാൻ തയ്യാറെടുക്കുകയാണ്. കൊച്ചിയിലെ 10 ഐലൻഡുകളെ തമ്മിൽ ബന്ധിപ്പിച്ച് 76 കിലോമീറ്റർ ദൂരത്തിൽ 78 അത്യാധുനിക ഇലക്ട്രിക്കൽ, ഹൈബ്രിഡ് ബോട്ടുകൾ ഉൾപ്പെടുത്തിയുള്ള ജലഗതാഗതം ഉറപ്പാക്കുന്ന കൊച്ചി വാട്ടർ മെട്രോ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. കൊച്ചി നഗരത്തിനുള്ളിലെ ആറു കനാലുകളെ വൃത്തിയാക്കി ഗതാഗതത്തിന് അനുയോജ്യമാക്കി വാട്ടർ മെട്രോയുമായി ബന്ധിപ്പിക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീ ജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റമാണ് നൂതനമായ മറ്റൊരു പദ്ധതി. രണ്ട് പദ്ധതികളുടെയും നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. നഗരവാസികൾക്കിടയിൽ ഇതിനോടകം പുതിയ തരംഗമായി മാറിക്കഴിഞ്ഞ കൊച്ചി മെട്രോ ട്രെയിൻ സർവീസുമായി ജലഗതാഗത സർവീസുകൂടി ബന്ധിപ്പിക്കുകയും അത് വൈറ്റിലയിലെ കൊച്ചി മൊബിലിറ്റിഹബ്ബുമായി സംയോജിപ്പിക്കുകയും ചെയ്യുന്നതോടെ വളരെ വേഗത്തിലുള്ള, സുഖകരവും പരിസ്ഥിതിസൗഹൃദവുമായ നഗരസവാരി ലഭ്യമായ സ്ഥലമായി കൊച്ചി മാറും. വിനോദസഞ്ചാരരംഗത്തിനും ഇത് പുതിയ ഊർജമാകും. ഇരുപദ്ധതികളും നടപ്പാക്കുന്നത് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ്.

ദ്വീപ് യാത്രകൾക്ക് അധുനിക സ്പർശം

കൊച്ചിയിലെ 15 റൂട്ടുകളിലാണ് കൊച്ചി വാട്ടർ മെട്രോ സർവീസ് നടത്തുക. ഇതിലൂടെ 10 ഐലൻഡുകളെയാണ് പരസ്പരം ബന്ധിപ്പിക്കുന്നത്. 76 കിലോമീറ്റർ ദൂരത്തിൽ 78 അത്യാധുനിക എയർ കണ്ടീഷൻഡ് ബോട്ടുകളാണ് സർവീസ് നടത്തുക. 38 ജട്ടികളാണ് ഉണ്ടാകുക. ദ്വീപ് നിവാസികളായ ഒരു ലക്ഷത്തിലേറെ പേരുടെ ദൈനംദിന യാത്രയ്ക്കാണ് ആധുനിക സ്പർശം ലഭിക്കാൻ പോകുന്നത്. കൊച്ചിവാട്ടർ മെട്രോ കേവലം ഒരു ഗതാഗത പദ്ധതി

മാത്രമല്ല. ദ്വീപ് നിവാസികളുടെ സർവതോമുഖമായ വളർച്ചയ്ക്ക് ഉപകരിക്കുന്ന ടൂറിസവും വാണിജ്യ, ബിസിനസ് സാധ്യകളുടെ വിനിയോഗവും ഉറപ്പാക്കുന്നു.

ജലഗതാഗതത്തിൽ ഏറെ പുതുമകൾ സൃഷ്ടിച്ച പവ്വേർഡ് ഇലക്ട്രിക് ബോട്ടുകളാണ് വാട്ടർ മെട്രോയ്ക്ക് വേണ്ടി നിർമിക്കുന്നത്. 100 പേർക്ക് വീതം സഞ്ചരിക്കാവുന്ന 23 ബോട്ടുകളും 50 പേർക്ക് സഞ്ചരിക്കാവുന്ന 55 ബോട്ടുകളുമാണ് ഉണ്ടാകുക. 10-20 മിനിറ്റ് ഇടവിട്ട് ബോട്ട് സർവീസ് ഉണ്ടാകും. 100 പേർക്ക് സഞ്ചരിക്കാവുന്ന ബോട്ടുകൾ കൊച്ചിൻ ഷിപ്പ് യാർഡ് ആണ് നിർമിക്കുന്നത്. ഇതിൽ 14 ബോട്ടുകളുടെ നിർമാണം പുരോഗമിക്കുകയാണ്. ഒരു ബോട്ട് നിർമിച്ച് കൈമാറിക്കഴിഞ്ഞു. ബാറ്ററിയിലും ഡീസൽ ജനറേറ്റർ വഴിയും രണ്ടും ഉപയോഗിച്ചുള്ള ഹൈബ്രിഡ് രീതിയിലും പ്രവർത്തിപ്പിക്കാൻ കഴിയുന്ന ബോട്ടെന്ന പുതുമയുമുണ്ട് ഇതിന്.

കേന്ദ്രീകൃത ഓപ്പറേഷണൽ കൺട്രോൾ സെന്ററിൽ നിന്നും നിയന്ത്രിക്കാവുന്ന ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം ഇതിന്റെ പ്രത്യേകതയാണ്. ബോട്ടിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി പാസ്സഞ്ചർ കൺട്രോൾ സിസ്റ്റം ഒരുക്കുന്നുണ്ട്.

ഭിന്നശേഷിക്കാരുടേയും പ്രായമായവരുടേയും സുഗമമായ യാത്ര ഉറപ്പാക്കുവാൻ കോൺക്രീറ്റ് ഫ്ളോട്ടിങ് പോണ്ടൂണുകളിലാണ് ജെട്ടികൾ ഒരുക്കിയിരിക്കുന്നത്. വേലിയേറ്റവും, വേലിയിറക്കവും ഈ ജെട്ടികളെ ബാധിക്കില്ല എന്നതാണ് പ്രത്യേകത. മെട്രോ സ്റ്റേഷനുകളിലെ നിലവാരത്തിലുള്ള സംവിധാനങ്ങളാണ് ടെർമിനലുകളിൽ ഒരുക്കിയിരിക്കുന്നത്.

സി.സി.ടി.വി ക്യാമറകളും, സുരക്ഷാ സംവിധാനങ്ങളും ഉണ്ടാകും. പദ്ധതിക്കാവശ്യമായ മുഴുവൻ വൈദ്യുതിയും സൗരോർജം തുടങ്ങിയ പുനരുപയോഗിക്കാവുന്ന സ്രോതസ്സുകളിൽ നിന്നും കണ്ടെത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അടിയന്തര ഘട്ടങ്ങളിലെ സുരക്ഷയ്ക്കും ബോട്ടുകളുടെ മെയിന്റനൻസിനുമായി സുസജ്ജമായ വർക്ക് ബോട്ട് കം എമർജൻസി റെസ്പോൺസ് ബോട്ടുകളുടെ സേവനവും ഉണ്ടാകും.

24000 പ്രതിദിന യാത്രക്കാരെയാണ് ആദ്യഘട്ട നിർമ്മാണം പൂർത്തിയാകുന്നതോടെ പ്രതീക്ഷിക്കുന്നത്. 2035 ഓടെ ഇത് ഒരുലക്ഷം എത്തുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്. ഈ പദ്ധതിയിലൂടെ കാർബൺഡൈ ഓക്സൈഡ് ബഹിർഗമനത്തിൽ പ്രതിവർഷം 22800 മെട്രിക് ടൺ കുറവാണുണ്ടാവുക.

കനാൽ ഗതാഗത പദ്ധതി

കൊച്ചിയുടെ ജീവനാഡിയായ കനാലുകളെ അഴുക്കുചാലുകളായി ഒടുങ്ങാതെ പുനരജ്ജീവിപ്പിച്ച് നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റാനുദ്ദേശിച്ചുള്ളതാണ് കനാൽ ഗതാഗതപദ്ധതി.

ആകെ 34.98 കി.മീ വരുന്ന കനാലുകളാണ് ഇങ്ങനെ പുനരുജ്ജീവിപ്പിക്കപ്പെടുന്നത്. ഇടപ്പള്ളി കനാൽ(11.23 കി.മീ), മാർക്കറ്റ് കനാൽ (0.66 കി.മീ), തേവര കനാൽ (1.41 കി.മീ), തേവര--പേരണ്ടൂർ കനാൽ(11.15 കി.മീ), ചിലവന്നൂർ കനാൽ(9.88 കി.മീ), കോന്തുരുത്തി കനാൽ (0.65 കി.മീ) എന്നിവയാണ് പദ്ധതി പ്രകാരം പുനരുദ്ധരിച്ച് യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യുന്നത്.

മാർക്കറ്റ് കനാൽ, ഇടപ്പള്ളി കനാൽ എന്നിവയുടെ കാര്യത്തിലാണ് ഇപ്പോൾ മുഖ്യപരിഗണന നൽകുന്നത്. ഇടപ്പള്ളി കനാൽ പൂർണമായും ഗതാഗതയോഗ്യമാക്കും. മികച്ച സൗകര്യങ്ങളും നടപ്പാതകളും സഹിതം മാർക്കറ്റ് കനാലിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ്. ഇതിനായി ലിഡാർ സർവേ, ബാതിമെട്രിക് സർവേ, ജീയോ ടെക്നിക്കൽ പഠനം തുടങ്ങിയവ നടത്തിക്കഴിഞ്ഞു. 1528.27 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയാണ് ഫണ്ട് നൽകുന്നത്.

കൊച്ചിക്കാരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റത്തിന് കളമൊരുക്കുന്ന ഈ പദ്ധതി കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കാനുള്ള ശ്രമത്തിലാണ് കെ.എം.ആർ.എൽ. കേരള വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ അത്യാധുനിക മാലിന്യ നിർമാർജന പ്ലാന്റ് കൊച്ചിക്കായി സ്ഥാപിക്കും. മാലിന്യ നിർമാർജനത്തിൽ കൊച്ചി നേരിടുന്ന ദീർഘകാലമായുള്ള പ്രശ്നത്തിന് ഇതോടെ പരിഹാരമാകുമെന്നാണ് പ്രതീക്ഷ. വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് പദ്ധതി നടപ്പാക്കുക

കൊച്ചിയിലെ കനാലുകളെയും റെയിൽ മെട്രോയെയും വാട്ടർ മെട്രോയെയും സംയോജിപ്പിച്ചുള്ള ഗതാഗതസൗകര്യം ടൂറിസം സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സഹായകമാകും. ഇറ്റലിയിലെ വെനീസ്, ബൽജിയത്തിലെ ബ്രൂഷ് നഗരങ്ങളെപ്പോലെ കൊച്ചിയെ ലോകോത്തരനിലവാരമുള്ള പ്രധാന വിനോദസഞ്ചാരകേന്ദ്രമാക്കി മാറ്റുവാനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ■

അഭിമാന പദ്ധതികൾ

KFON
INTERNET - A BASIC RIGHT

എല്ലാ വീടുകളിലും അതിവേഗ ഇന്റർനെറ്റ്

സംസ്ഥാനത്തെ ഡിജിറ്റൽ പശ്ചാത്തലസൗകര്യസേവനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ – ഫോൺ . കേരളമാകെ സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഏഴ് ജില്ലകളിലെ 300 ലധികം സർക്കാർ ഓഫീസുകളിൽ ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ കെ – ഫോൺ സേവനം നൽകി വരുന്നുണ്ട്. ബാക്കി ജില്ലകളിലും വൈകാതെ കെ – ഫോൺ സേവനം യാഥാർഥ്യമാകും

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കാനും ലക്ഷ്യമിടുന്ന ബൃഹത്തായ പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് അഥവാ കെ-ഫോൺ.
പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും.വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം ലഭ്യമാക്കും.

20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും നെറ്റ് കണക്ഷൻ ലഭ്യമാക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ (കെഎസ്.ഇ.ബി) വിതരണ-അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നത്.

1548.08 കോടി രൂപയാണ് പദ്ധതിച്ചെലവായി പ്രതീക്ഷിക്കുന്നത്. പദ്ധതി യാഥാർഥ്യമാക്കാൻ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെയും സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടു കൂടി കെ-ഫോൺ ലിമിറ്റഡ്' എന്ന പേരിൽ ഒരു സംയുക്തസംരംഭ കമ്പനി രൂപീകരിച്ചിട്ടുണ്ട്. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനും ഏഴ് വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസും ഉൾപ്പെടെ ആകെ ഒൻപത് വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കു ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

കെ-ഫോൺ നെറ്റ് വർക്ക് സംസ്ഥാനത്തെ 14 ജില്ലകളെയും കോർ റിംഗ് വഴിയാണ് ബന്ധിപ്പിക്കുന്നത്. ജില്ലകളിലെ സർക്കാർ ഓഫീസുകളെയും വീടുകളെയും മറ്റു ഗുണഭോക്താക്കളെയും ബന്ധിപ്പിക്കുന്നത് ആക്സസ് നെറ്റ് വർക്ക് വഴിയാണ്. 35,000 ത്തോളം കി.മി ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് ആണ് കെ-ഫോൺ വഴി സ്ഥാപിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ 375 സബ്സ്റ്റേഷനുകളിൽ പ്രീ ഫാബ്

ഷെൽട്ടറിനുള്ളിൽ ടെലികോം ഉപകരണങ്ങൾ സ്ഥാപിക്കും. 14 ജില്ലകളിലും കോർ പോപ്പ് (പോയിന്റ് ഓഫ് പ്രസൻസ്) ഉണ്ട്. കെ.എസ്.ഇ ബി സബ്സ്റ്റേഷനുകളിൽ ഇവ 300 സ്‌ക്വയർ ഫീറ്റിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ പോപ്പുകൾ 110/220/400കെ.വി ലൈൻ വഴി സ്ഥാപിച്ചിട്ടുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിൾ (കോർ റിംഗ്) ഉപയോഗിച്ച് ബന്ധിപ്പിട്ടുണ്ട്. കോർ-അഗ്രിഗേഷൻ റിംഗുകളിൽ ഉൾപ്പെട്ട 30,000ത്തോളം സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. ജില്ലകളിൽ കോർപോപ്പിന് പുറമേ മറ്റ് പോപ്പുകളും കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നുണ്ട് . വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും സേവനങ്ങൾ ലഭ്യമാക്കാൻ എല്ലാ റിംഗുകളിലും സ്ട്രീറ്റ് ബോക്സുകളാണ് സ്ഥാപിക്കുന്നത്.

2021 ഫെബ്രുവരി 15നായിരുന്നു പദ്ധതിയുടെ ഒന്നാം ഘട്ടം ഉദ്ഘാടനം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട് തുടങ്ങിയ ഏഴ് ജില്ലകളിൽ ഉൾപ്പെട്ട 300-ൽ അധികം സർക്കാർ ഓഫീസുകൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോണിൽ നിന്നും സേവനം നൽകി വരുന്നു. കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കോർ- അഗ്രിഗേഷൻ റിംഗുകളിൽ ഉൾപ്പെട്ട സർക്കാർ ഓഫീസുകൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അവസാനഘട്ട നടപടികൾ പുരോഗമിക്കുകയാണ്.

ഇത്തരത്തിൽ കെ-ഫോൺ പദ്ധതി വഴി സംസ്ഥാനത്താകമാനം സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുവാനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ പശ്ചാത്തലസൗകര്യം ശക്തവും കാര്യക്ഷമവുമാക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് .ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിങ്സ്, സ്റ്റാർട്ടപ്പ്, സ്മാർട്ട് സിറ്റി തുടങ്ങിയ മേഖലകളിൽ കെ ഫോൺ സൗകര്യമൊരുക്കും. ഗ്രാമങ്ങളിലും ചെറുകിട സംരംഭങ്ങൾക്ക് ഇ-കോമേഴ്സ് വഴി വിൽപ്പന നടത്താനുള്ള മികച്ച സൗകര്യം കൂടിയാണ് കെ ഫോണിലൂടെ കേരളം നേടിയെടുക്കുന്നത്. ■

കാരവൻ ടൂറിസം

വീടനുഭവത്തിൽ വിനോദ സഞ്ചാരം

ടൂറിസം മേഖലയിൽ വ്യത്യസ്തത തേടുന്ന കാരവൻ ടൂറിസം കേരളത്തിൽ യാഥാർത്ഥ്യമായിക്കഴിഞ്ഞു. കാരവനുകളും കാരവൻ പാർക്കുകളും ചേർന്നതാണ് പദ്ധതി. ആഡംബര സൗകര്യങ്ങൾ നിറഞ്ഞതാണ് കാരവനെങ്കിൽ പ്രകൃതിയോട് ഇണങ്ങുന്ന രീതിയിലായിരിക്കും പാർക്കിന്റെ രൂപകല്പന. കേരളത്തിന്റെ വിനോദസഞ്ചാരമേഖലക്കു വലിയ കരുത്തേകുന്ന പദ്ധതിക്ക് ഇതിനകം വൻ സ്വീകാര്യത ലഭിച്ചു കഴിഞ്ഞു

കേരളത്തിലെത്തുന്ന ടൂറിസ്റ്റുകൾക്ക് ഇനി സഞ്ചരിക്കുന്ന വീടുകളിൽ യാത്ര ചെയ്യാം. വീട്ടിലെ അതേ സുഖ സൗകര്യങ്ങളുമായി സഞ്ചരിക്കുന്ന ബസുകൾ ഒരുക്കിയാണ് കേരളം അതിഥികളെ വരവേൽക്കാൻ ഒരുങ്ങുന്നത്. കേരളാ കാരവൻ ടൂറിസം എന്നതാണ് പദ്ധതി. ഹൗസ് ബോട്ടിനു ശേഷം സഞ്ചാരികൾക്കു പുതിയ യാത്രാനുഭവം സമ്മാനിക്കുന്നതിനായി അവതരിപ്പിച്ചിട്ടുള്ള ഈ പദ്ധതിക്ക് ഇതിനകം ടുറിസം മേഖലയിൽ വൻ വരവേൽപ്പ് ലഭിച്ചു കഴിഞ്ഞു.

ഗ്രാമത്തിൽ തന്നെ താമസിച്ച് ഗ്രാമീണജീവിതം അനുഭവവേദ്യമാക്കുന്ന സഞ്ചാരമാണ് കാരവൻ ടൂറിസത്തിന്റേത്. പുഴകളും നെൽപ്പാടങ്ങളും ആസ്വദിക്കൽ, മത്സ്യത്തൊഴിലാളി സമൂഹത്തെ അടുത്തറിയൽ, പരമ്പരാഗത വ്യവസായങ്ങളും കരകൗശലവിദ്യകളും ഭക്ഷണ -കലാവൈവിധ്യങ്ങളും അനുഭവവേദ്യമാക്കൽ തുടങ്ങിയ സാധ്യതകളാണ് പദ്ധതി മുന്നോട്ടുവയ്ക്കുന്നത്.

ടൂറിസം കാരവനുകളും കാരവൻ പാർക്കുകളുമാണ് പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. യാത്രയ്ക്കും വിശ്രമത്തിനും താമസത്തിനുമായി പ്രത്യേകം

കാരവൻ ടൂറിസം പദ്ധതി ഉദ്ഘാടന വേളയിൽ

നിർമിച്ച വാഹനങ്ങളാണ് കാരവനുകൾ. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും സന്ദർശകരെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും അവർക്ക് രാത്രിയോ പകലോ അല്ലെങ്കിൽ ദീർഘനേരമോ ചെലവഴിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുന്നതാണ് കാരവൻ പാർക്കുകൾ.

സോഫ-കം-ബെഡ്, ഫ്രിഡ്ജ്, മൈക്രോവേവ് അവ്ൻ, ഡൈനിങ് ടേബിൾ, ടോയ്‌ലറ്റ് ക്യുബിക്കിൾ, എ.സി., ഇന്റർനെറ്റ് കണക്ഷൻ, ഓഡിയോ-വീഡിയോ സൗകര്യങ്ങൾ, ചാർജിങ് സംവിധാനം തുടങ്ങി സുഖപ്രദമായ താമസത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളുമുള്ള ടൂറിസം കാരവനുകൾ കേരളത്തിന്റെ അറിയപ്പെടാത്ത സൗന്ദര്യം നുകരാൻ സഞ്ചാരികൾക്കു സഹായകമാകുമെന്ന കാര്യം ഉറപ്പാണ്.

നയം പ്രഖ്യാപിച്ചപ്പോൾ തന്നെ മികച്ച പിന്തുണ

കോവിഡ് പ്രതിസന്ധിയിലായ ടൂറിസം മേഖലയ്ക്ക് ഉണർവ് പകരുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ കാരവൻ ടൂറിസം നയം പ്രഖ്യാപിച്ചത്. വിദേശരാജ്യങ്ങളിലെപ്പോലെ സഞ്ചാരികൾക്കു കുടുംബവുമൊത്ത് ഇഷ്ടമുള്ള പ്രദേശങ്ങളിൽ പോകാനും രാത്രിയും പകലും സുരക്ഷിതമായി മികച്ച സൗകര്യങ്ങൾ അനുഭവിച്ച് തങ്ങാനും കഴിയുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി പ്രഖ്യാപിച്ചപ്പോൾ തന്നെ നിരവധി യുവസംരംഭകർ കാരവനും കാരവൻ പാർക്കുകളും സജ്ജമാക്കാൻ രംഗത്തെത്തി.

ഈ പദ്ധതിയിലേക്ക് സബ്സിഡിയോടെയുള്ള കാരവനുകൾ ഓപ്പറേറ്റുചെയ്യുന്നതിന് 297 നിക്ഷേകരും കാരവൻ പാർക്കുകൾ സജ്ജമാക്കുന്നതിന് 78 നിക്ഷേപകരും ഇതിനകം സന്നദ്ധത അറിയിച്ചിട്ടുണ്ട്.

സംരംഭകർക്ക് സബ്സിഡി

ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കാരവനുകൾക്ക് 15 ശതമാനം വരെ സർക്കാർ സബ്സിഡി നൽകും. പരമാവധി 7.5 ലക്ഷം രൂപ വരെയാണ് സബ്സിഡിയായി നൽകുന്നത്. 101 മുതൽ 200 വരെയായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്ക് 10 ശതമാനമാണ് സബ്സിഡി. അഞ്ച് ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും.

201-300 വരെ രജിസ്റ്റർ ചെയ്യുന്നവർക്ക് 5 ശതമാനം സബ്സിഡിയോടെ 2.5 ലക്ഷം രൂപയും നൽകും. ഈ ഇനത്തിൽ 15 കോടി രൂപയാണ് സർക്കാർ സബ്സിഡിയായി നൽകുന്നത്. ഇതനുസരിച്ച് ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള കാരവനുകൾക്ക് ഇരുപത്തിനാല് മണിക്കൂറിനകം രജിസ്ട്രേഷൻ നൽകും. വാഹനങ്ങൾക്ക് പ്രത്യേക ലോഗോ നൽകും.

> ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കാരവനുകൾക്ക് 15 ശതമാനം വരെ സർക്കാർ സബ്സിഡി നൽകും. പരമാവധി 7.5 ലക്ഷം രൂപ വരെയാണ് സബ്സിഡിയായി നൽകുന്നത്

ജോയിന്റ് ആർ ടി ഒ യ്ക്ക് മുകളിലുള്ള ഉദ്യോഗസ്ഥന് മാത്രമേ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവനുകൾ പരിശോധിക്കാനാകൂ. പുതിയ സംരംഭകർക്ക് കെ എസ് ഐ ഡി സി വഴി കാരവൻ വാങ്ങാനും പാർക്കുകൾ നിർമ്മിക്കാനും അഞ്ച് കോടി രൂപ വരെ വായ്പ നൽകും.

കുറഞ്ഞ ചെലവിൽ സകുടുംബയാത്ര

കേരളത്തിലെ ടൂറിസത്തെ പുതിയ തലങ്ങളിൽ എത്തിക്കാനാണ് കാരവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അധികം പരിചിതമല്ലാത്ത, വികസിതമല്ലാത്ത ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള (unexplored destinations) യാത്രയാണ് അതിൽ ഒന്ന്. അത്തരം കേന്ദ്രങ്ങളിൽ വലിയ ഹോട്ടലുകൾ പോലുള്ളവ നിർമ്മിച്ച് അടിസ്ഥാന സൗകര്യം ഉണ്ടാക്കാൻ സമയമെടുക്കുമെന്നതിനാൽ കാരവനുകളിലുള്ള താമസവും യാത്രയും ടൂറിസ്റ്റുകൾക്ക് ആശ്വാസവും ടൂറിസം കേന്ദ്രങ്ങൾക്ക് സാധ്യതയും ഉറപ്പാക്കും. പരിസ്ഥിതിയെ തകിടം മറിക്കുന്ന നിർമ്മാണങ്ങൾ ഒഴിവാകുന്നതോടെ പരിസ്ഥിതി സംരക്ഷണം സാധ്യമാകും. ഹോട്ടൽ താമസം, യാത്ര എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ പൊതുവെ ചെലവ് കുറഞ്ഞ കാരവൻ പാർക്ക് ഉണ്ടാക്കിയാൽ അവിടെ സഞ്ചാരികൾക്ക് എത്താനാകും. കോവിഡ് സാഹചര്യത്തിൽ യാത്രയിലെ സുരക്ഷിതത്വവും ഉറപ്പിക്കാം. വലിയ കൂട്ടങ്ങളായി ടൂറിസ്റ്റുകൾ എത്തുന്നത് കുറയുകയും സകുടുംബയാത്ര എന്ന സങ്കൽപം വളരുകയും ചെയ്യും. അത്തരക്കാർക്കു സുരക്ഷിതമായ യാത്രാനുഭവം നൽകുന്നതാകും കാരവൻ ടൂറിസം.

വർധിക്കുന്ന തൊഴിൽ സാധ്യത

ഉത്തരവാദിത്വ ടൂറിസത്തിനൊപ്പം പ്രാദേശികമായ വർധിക്കുന്ന തൊഴിൽ സാധ്യതയാണ് കാരവൻ ടൂറിസത്തിന്റെ മറ്റൊരു സവിശേഷത. കാരവൻ പാർക്കുകൾക്കനുബന്ധിച്ച് തൊഴിൽ സാധ്യതകളും വർധിക്കും. സഞ്ചാരികൾക്ക് പ്രാദേശികമായി ഭക്ഷണം നൽകാനുള്ള സംവിധാനം ഒരുക്കുന്നതിലൂടെയും പ്രാദേശിക കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നതിലൂടെയും സുരക്ഷ ഒരുക്കാൻ പ്രത്യേക പരിശീലനം നൽകി യുവജനങ്ങളെ സജ്ജമാക്കുന്നതിലൂടെയും ഈ സാധ്യത വർധിപ്പിക്കാനാകും. ■

അഭിമാന
പദ്ധതികൾ

പ്രകൃതിവാതകം പൈപ്പിലൂടെ

സിറ്റിഗ്യാസ് പദ്ധതി ലക്ഷ്യത്തിലേക്ക്

കൊച്ചി മുതൽ പാലക്കാട് കൂറ്റനാട് വരെയും, കുറ്റനാട് നിന്ന് മംഗളൂരുവിലേക്കും അഞ്ച് നദികൾ പിന്നിട്ട് 450 കിലോമീറ്റർ പ്രകൃതി വാതകം പൈപ്പ് ലൈനിലൂടെ ലഭ്യമാക്കുന്ന പദ്ധതിയാണ് ഗെയിൽ (GAIL-ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ പൈപ്പ് ലൈൻ പദ്ധതി). ഈ പദ്ധതി ഉപയോഗപ്പെടുത്തി 11 ജില്ലകളിൽ പാചക വാതകം ഉൾപ്പടെ പ്രകൃതിവാതകം പൈപ്പിലൂടെ വിതരണം ചെയ്യുന്ന ശൃംഖല സ്ഥാപിക്കുകയാണ് സിറ്റിഗ്യാസ് പദ്ധതിയിലൂടെ. സിറ്റിഗ്യാസ് പദ്ധതിയുടെ ഭാഗമായി 3,761 ഗാർഹിക കണക്ഷനുകൾ നല്കിക്കഴിഞ്ഞു.

അടുക്കളകളിൽ പാചക ഇന്ധനമായും (പി എൻ ജി-piped natural gas) വാഹന ഇന്ധനമായും (സി എൻ ജി—compressed natural gas) പ്രകൃതി വാതകം ലഭ്യമാക്കുന്ന പദ്ധതിയാണ് സിറ്റി ഗ്യാസ് പദ്ധതി. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം തുടങ്ങി 11 ജില്ലകളിൽ 503 കിലോമീറ്റർ ഗെയിൽ വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ശൃംഖല ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈനിലൂടെ പാചക വാതകം ലഭ്യമാകുമ്പോൾ ഇന്ധനച്ചെലവ് 25 ശതമാനം കുറയുമെന്നതാണ് പദ്ധതിയുടെ നേട്ടം. മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് ഹരിത ഇന്ധനവുമാണ് പ്രകൃതിവാതകം.

ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ 450 കിലോമീറ്റർ ദൈർഘ്യമുള്ള രണ്ടാംഘട്ടം യാഥാർഥ്യമാക്കി. ഇതിലൂടെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ചെറുകിട വൻകിടവ്യവസായങ്ങൾക്ക് പ്രകൃതി വാതകം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 3,761 ഗാർഹിക കണക്ഷനുകൾ നല്കിക്കഴിഞ്ഞു .

എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രകൃതിവാതകം വിതരണം ചെയ്യുന്നതിന് ഇന്ത്യൻ ഓയിൽ, അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളെയാണ് പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്പനിക്ക് പ്രകൃതിവാതകം നൽകുവാനായി എല്ലാ ജില്ലകളിലും സംവിധാനം ഗെയ്ൽ ഒരുക്കിയിട്ടുണ്ട്. വിതരണത്തിനായുള്ള പൈപ്പ് ലൈൻ ശൃംഖല സ്ഥാപിക്കേണ്ട ചുമതല ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനാണ്.

2026ഓടെ 615 സിഎൻജി സ്റ്റേഷനുകൾ

എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 10 വീതവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നാലും പാലക്കാട് കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ സിഎൻജി സ്റ്റേഷനുകളും പ്രവർത്തിച്ചു വരികയാണ്.എറണാകുളം ജില്ലയിൽ പെരുമ്പാവൂർ, നോർത്ത് പറവൂർ, വെല്ലിങ്ടൺ ഐലൻഡ്, മറൈൻ ഡ്രൈവ് തുടങ്ങിയ പ്രദേശങ്ങളിൽ പുതിയ സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പെട്രോനെറ്റ് എൽഎൻജി സ്ഥിതി ചെയ്യുന്ന പ്രദേശമെന്ന പരിഗണന നൽകി പുതുവൈപ്പിൻ പ്രദേശത്ത് സിഎൻജി പമ്പുകളും സ്ഥാപിക്കും. 2026 ഓടെ വിവിധ ജില്ലകളിലായി 615 സിഎൻജി സ്റ്റേഷനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി പ്രാവർത്തികമാകുന്നതോടെ 24 മണിക്കൂറും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പ്രകൃതി വാതകം ലഭിക്കും. ഗെയ്ൽ പൈപ്പ് ലൈൻ കടന്നുപോകാത്ത തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി അറ്റ്ലാന്റിക് ഗൾഫ് ആൻഡ് പസഫിക് എന്ന കമ്പനിയെയാണ് പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. ഈ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

> സാധാരണ ലഭിക്കുന്നതിനേക്കാൾ 30 ശതമാനം വിലക്കുറവിലാണ് വാതകപൈപ്പ്ലൈൻ പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കു ഇന്ധനം ലഭിക്കുന്നത്. സി.എൻ.ജി. വാഹനങ്ങൾ, വാണിജ്യ ഉപഭോക്താക്കൾ, വ്യാവസായിക ഉപഭോക്താക്കൾ എന്നിവർക്കും പദ്ധതിയിലൂടെ ഇന്ധനം ലഭ്യമാണ്. ഉപയോഗത്തിന് അനുസൃതമായി മീറ്റർ റീഡിങ് പ്രകാരമാണ് ബിൽ തുക അടയ്ക്കേണ്ടത്

ചെലവ് കുറയും, കുടുംബ ബജറ്റും

സാധാരണ ലഭിക്കുന്നതിനേക്കാൾ 30 ശതമാനം വിലക്കുറവിലാണ് വാതകപൈപ്പ്ലൈൻ പദ്ധതിപ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് ഇന്ധനം ലഭിക്കുന്നത്. സി.എൻ.ജി. വാഹനങ്ങൾ, വാണിജ്യ ഉപഭോക്താക്കൾ, വ്യാവസായിക ഉപഭോക്താക്കൾ എന്നിവർക്കും പദ്ധതിയിലൂടെ ഇന്ധനം ലഭ്യമാണ്. ഉപയോഗത്തിന് അനുസൃതമായി മീറ്റർ റീഡിങ് പ്രകാരമാണ് ബിൽ തുക അടയ്ക്കേണ്ടത്. നാലു പേരടങ്ങുന്ന ഒരു കുടുംബത്തിൽ ശരാശരി പ്രതിമാസ പ്രകൃതി വാതകത്തിന്റെ ഉപയോഗം 0.4 യൂണിറ്റ് ആണ്. ഇതനുസരിച്ച് 300 രൂപയാണ് സിറ്റി ഗ്യാസ് പദ്ധതിപ്രകാരം ഒരു കുടുംബത്തിന് പ്രതിമാസം വാതക ഉപഭോഗച്ചെലവ് കണക്കാക്കിയിരിക്കുന്നത്. എൽപിജിയുടെയും പെട്രോൾ, ഡീസലിന്റെയും വിലക്കയറ്റം അനുഭവിക്കുന്ന സാധാരണക്കാർക്ക് ഏറെ ഗുണകരമാകും ഇത്. ■

ആലപ്പുഴ പൈതൃകപദ്ധതി കിഴക്കിന്റെ വെനീസിൽ വീണ്ടെടുപ്പ്

കിഴക്കിന്റെ വെനീസിന്റെ നഷ്ടപ്രതാപം തനിമയും പൗരാണികതയും ചോരാതെ വീണ്ടെടുക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് ആലപ്പുഴ പൈതൃക പദ്ധതി. നൂറ്റാണ്ടുകൾ പഴക്കമുള്ള ഇവിടുത്തെ ചരിത്രസ്മാരകങ്ങളും സംസ്കാരിക ശേഷിപ്പുകളും തുറമുഖ പട്ടണവും സംരക്ഷിക്കാനും ടൂറിസം സാധ്യതകൾ വിപുലമാക്കാനുമുള്ള പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്

അറബിക്കടലിന്റെയും അതിലേക്കൊഴുകുന്ന നദീശൃംഖലയുടെയും ഇടയിലായി സ്ഥിതി ചെയ്യുന്ന ശ്രേഷ്ഠമായ പൂർവ്വകാല ചരിത്രമുള്ള ആലപ്പുഴയ്ക്ക് തുറമുഖം, കടൽപ്പാലം, കനാലുകൾ, നീണ്ട കടൽത്തീരം, പച്ചപ്പ് നിറഞ്ഞ ഭൂപ്രകൃതി എന്നിവയ്ക്കുപുറമേ കേരളത്തിന്റെ സാമൂഹികചരിത്രം വിളിച്ചോതുന്ന നിരവധി സ്മാരകങ്ങളുമുണ്ട്. വാണിജ്യകേന്ദ്രമെന്ന നിലയിൽ ജൂതന്മാർ, അറബികൾ, പോർച്ചുഗീസ്, ഡച്ച്, ചൈനീസ്, ബ്രിട്ടീഷ് തുടങ്ങി നിരവധി ദേശങ്ങളിൽ നിന്നുള്ള വ്യാപാരികളുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന നാടാണിത്. അതിന്റെ ഫലമായി ധാരാളം ചരിത്ര മന്ദിരങ്ങളും ഇവിടെ നിർമിക്കപ്പെട്ടിട്ടുണ്ട്. പോർച്ചുഗീസുകാരുടെ കാലത്താണ് പ്രശസ്തമായ പുറക്കാട്, അർത്തുങ്കൽ പള്ളികൾ സ്ഥാപിക്കപ്പെടുന്നത്. ഡച്ചുകാരുടെ കാലത്താണ് ഇവിടെ ഫാക്ടറികളും പണ്ടകശാലകളും സ്ഥാപിക്കപ്പെട്ടത്.

എന്നാൽ അന്തർദേശീയ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ച ആലപ്പുഴയുടെ പ്രതാപ കാലഘട്ടത്തിലെ സ്മാരകങ്ങൾ പലതും വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഒന്നാം പിണറായി വിജയൻ സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് ആലപ്പുഴ പൈതൃക പദ്ധതി. ആലപ്പുഴ പട്ടണത്തെ പുനരുജ്ജീവിപ്പിക്കാനും അതിന്റെ 'സുവർണ്ണകാലം' വീണ്ടെടുക്കാനുമുള്ള സമഗ്രമായ പദ്ധതിയാണിത്. മുസിരിസ് പൈതൃക പദ്ധതിയുടെ മാതൃകയിൽ വിവിധ ഘട്ടങ്ങളിലായുള്ള പ്രവർത്തനങ്ങളാണ് ഇവിടെ പുരോഗമിക്കുന്നത്.

പുനരുദ്ധാരണം, നവീകരണം, സംരക്ഷണം

20 മ്യൂസിയങ്ങൾ, 11 സ്മാരകങ്ങൾ, അഞ്ച് പൊതുവിടങ്ങൾ എന്നിവയുടെ പുനരുദ്ധാരണ, നവീകരണ, സംരക്ഷണ പ്രവർത്തനങ്ങളാണ് പൈതൃക പദ്ധതി വഴി നടപ്പാക്കുന്നത്. യാൺ മ്യൂസിയം, ലിവിങ് കയർ മ്യൂസിയം, മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി, മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ് എന്നിവയെല്ലാം പദ്ധതിപ്രകാരമുള്ള നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു.

കനാലുകളുടെ ശുചീകരണം

30 കോടി രൂപ ചെലവഴിച്ചുള്ള കനാലുകളുടെ ആദ്യഘട്ട ശുചീകരണം, നാലു കോടി രൂപ ചെലവിൽ ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യവത്ക്കരണം, 150 വർഷം പഴക്കമുള്ള കടൽ പാലത്തിന്റെ പുനരുദ്ധാരണം, മാരിടൈം സിഗ്നൽ മ്യൂസിയത്തിന്റെ നിർമാണം, രത്നപണ്ടകശാല നവീകരിച്ച് ഹെറിറ്റേജ് മ്യൂസിയം ആക്കുന്ന പദ്ധതി, സ്റ്റേറ്റ് കയർ കോർപ്പറേഷൻ പുതിയ കെട്ടിടം നിർമാണം, ആദ്യ സമഗ്ര ഗാന്ധിമ്യൂസിയം നിർമ്മാണം,14 കോടി രൂപ ചെലവിൽ നടത്തുന്ന രണ്ടാംഘട്ട കനാൽ പുനരുദ്ധാരണപദ്ധതി, ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ സ്മരണയ്ക്കായി കൊച്ചി രൂപത സ്ഥാപിച്ച ലിയോ തേർട്ടീന്ത് സ്കൂൾ നവീകരിച്ച് സ്മാരകമാക്കി നിലനിർത്തുന്ന പദ്ധതി, ഗുജറാത്ത് ഹെറിറ്റേജ് സെന്റർ തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

ഇവയെല്ലാം പൂർത്തിയാകുന്നതോടെ മണ്മറഞ്ഞുകൊണ്ടിരിക്കുന്ന പൈതൃകസമ്പത്ത് വീണ്ടെടുത്ത് വികസന പദവിയിലേക്ക് മുന്നേറാൻ ആലപ്പുഴയെന്ന പൈതൃക നഗരത്തിനു സാധിക്കും എന്ന കാര്യം ഉറപ്പാണ്. ഇതിനൊപ്പം ആലപ്പുഴയിൽ ടൂറിസം വികസനത്തിനായി 50 കോടി രൂപയുടെ പ്രത്യേക പദ്ധതിയും നടപ്പാക്കാൻ ഒരുങ്ങുകയാണ് കേരളം. ■

അഭിമാന
പദ്ധതികൾ

കൊച്ചി–ബംഗളൂരു വ്യവസായ ഇടനാഴി

വ്യവസായമുന്നേറ്റം വിക

നവകേരളത്തിന്റെ സൃഷ്ടിക്കായി വലിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്. അതിൽ പ്രധാനപ്പെട്ട ഒന്നായിട്ടാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയെ സംസ്ഥാന സർക്കാർ കാണുന്നത്. ഈ വ്യവസായ ഇടനാഴി യാഥാർഥ്യമാക്കുന്നതിനായി ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഒന്നാം പിണറായി സർക്കാറിന്റെ വികസനത്തുടർച്ച ഏറ്റെടുത്തുകൊണ്ട് ഈ സർക്കാരിന്റെ കാലത്തുതന്നെ വ്യവസായ ഇടനാഴി പൂർത്തീകരിക്കാനാണ് ശ്രമം. ഇതുവഴി സംസ്ഥാനത്തിന്റെ വളർച്ചാചരിത്രത്തിലൊരു കുതിച്ചുചാട്ടം സൃഷ്ടിക്കാനാകുമെന്ന് പ്രതീക്ഷ.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതം പങ്കാളിത്തമുള്ള കമ്പനിയാണ് വ്യവസായ ഇടനാഴി പദ്ധതി നടപ്പാക്കുന്നത്. പദ്ധതി യാഥാർഥ്യമാകുന്നതോടെ 10,000 കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിലേക്ക് എത്താൻ പോകുന്നത്. വ്യവസായ ഇടനാഴിയുടെ ഭാഗമായി സ്ഥാപിക്കുന്ന ഏകീകൃത ഉത്പാദന ക്ലസ്റ്ററിനായി 1351 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. 328 ഏക്കർ ഭൂമി ഇതിനോടകം ഏറ്റെടുത്തു. കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 543 ഏക്കർ ഭൂമി കണ്ടെത്തി. 160 കിലോമീറ്റർ ദൈർഘ്യമുള്ള വ്യവസായ ഇടനാഴിയുടെ ഭാഗമായി സംരംഭങ്ങൾ തുടങ്ങാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇവിടെ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകുന്നതിനൊപ്പം നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യും. ഉത്തരവാദ വ്യവസായം, ഉത്തരവാദ നിക്ഷേപം എന്ന നയത്തിലൂന്നി പരിസ്ഥിതിക്ക് അനുയോജ്യമായ വ്യവസായങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

കൊച്ചി ഗിഫ്റ്റ് സിറ്റി

പദ്ധതിക്കായി കണ്ണമ്പ്രയിൽ 312 ഏക്കറും പുതുശ്ശേരി ഒന്നാംഘട്ടത്തിൽ 653 ഏക്കറും രണ്ടാം ഘട്ടത്തിൽ 558 ഏക്കറും മൂന്നാം ഘട്ടത്തിൽ 375 ഏക്കറും ചേർന്ന് നാല് സ്ഥലങ്ങളിലായി 1898 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. കൊച്ചിയിൽ ആരംഭിക്കാൻ പോകുന്ന ഗിഫ്റ്റ് സിറ്റി രാജ്യത്ത് തന്നെ ഈ ഗണത്തിൽ രണ്ടാമത്തെതാണ്. ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ്(ഗിഫ്റ്റ്) സിറ്റി പ്രധാനമായും ബിസിനസ്, ബാങ്കിങ്ങ്, മാർക്കറ്റ്, ഇൻഷുറൻസ്, അക്കൗണ്ടിങ്ങ്, ഐടി/ഐടിഇഎസ്, ആർ&ഡി, വിനോദം എന്നീ മേഖലകളിലായിരിക്കും പ്രധാനമായും ശ്രദ്ധ പുലർത്തുക.ഏറ്റവും മെച്ചപ്പെട്ട പാരിസ്ഥിതികമായ സന്തുലിതാവസ്ഥ നിലനിൽക്കുന്ന വ്യവസായ സമുച്ചയങ്ങളാണ് ഇവിടുണ്ടാവുക.

കൊച്ചി – ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി യാഥാർഥ്യമാകുന്നതോടെ 10,000 കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിലെത്തുന്നത്

സിതസമൂഹങ്ങൾക്കൊപ്പം

പ്രത്യക്ഷമായും പരോക്ഷമായും മൂന്ന് ലക്ഷത്തിലധികം തൊഴിലവസരങ്ങളാണ് ഗിഫ്റ്റ് സിറ്റി സൃഷ്ടിക്കുക. അത് സൃഷ്ടിക്കുന്ന വിജ്ഞാനാധിഷ്ഠിതമായ വ്യവസായങ്ങൾ, സാമ്പത്തിക-ധനകാര്യ സ്ഥാപനങ്ങൾ ഇവയെല്ലാം കേരളത്തിന്റെ പുരോഗതിയിൽ വലിയ സംഭാവനയാണ് നൽകുക.

ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ ഇടനാഴിക്കായി 328 ഏക്കർ ഭൂമി ഏറ്റെടുക്കാൻ സാധിച്ചത് വികസന പദ്ധതികളോടുള്ള കേരളത്തിലെ ജനങ്ങളുടെ സമീപനം കൂടി വ്യക്തമാക്കുന്നതാണ്. മെയ് മാസത്തോടെ 1500 ഏക്കർ ഭൂമി ഏറ്റെടുക്കാനാകുമെന്നാണ് പ്രതീക്ഷ. പാലക്കാട് ക്ലസ്റ്ററിനായി 1860 കോടി രൂപയും ഗിഫ്റ്റ് സിറ്റിക്കായി 540 കോടി രൂപയും ഭൂമി ഏറ്റെടുക്കുന്നതിന് മാത്രമായി ചെലവ് വരുമെന്നാണ് കണക്ക് കൂട്ടൽ. വ്യവസായ ഇടനാഴിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിൽ കണ്ണമ്പ്ര മേഖലക്കായുള്ള പ്രാഥമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിനൊപ്പം ഏകീകൃത ഉത്പാദന ക്ലസ്റ്ററിന്റെയും ഗിഫ്റ്റ് സിറ്റിയുടെയും ഭൂമിയിൽ ഉചിതമായ വ്യവസായങ്ങളേതെന്നും ആരംഭിക്കാവുന്ന വ്യവസായങ്ങളുടെ സാധ്യതകളെന്തെന്നുമുള്ള പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി.

വ്യവസായ ക്ലസ്റ്ററുകൾ

കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുത്തനുണർവ് നൽകുന്ന പദ്ധതിയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി. വ്യവസായ ഇടനാഴി യാഥാർഥ്യമാകുമ്പോൾ പതിനായിരം കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തിന് ലഭിക്കും. ഇടനാഴിയുടെ ഭാഗമായി ഭക്ഷ്യ സംസ്കരണം, ലൈറ്റ് എഞ്ചിനീയറിംഗ്, ജ്വല്ലറി, പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങളും മറ്റ് ഖരമാലിന്യങ്ങളുടെയും പുനരുപയോഗം, എണ്ണ-വാതക ഇന്ധനങ്ങൾ, ഇലക്ട്രോണിക്സ്, ഐ.ടി, ലോജിസ്റ്റിക്, ഓട്ടോമോട്ടീവ് തുടങ്ങിയ മേഖലകളിൽ ക്ലസ്റ്ററുകൾ വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

കൊച്ചിയിൽ ബംഗളൂരു വ്യവസായ ഇടനാഴിക്കൊപ്പം സിൽവർ ലൈൻ റെയിൽവേ പദ്ധതിയുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനൊപ്പം ജലപാതയും പൂർത്തിയാകുന്നതോടെ കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങൾ ഇന്ത്യയിലേറ്റവും മികച്ചതാകും. സാമൂഹികനേട്ടങ്ങളിൽ നിന്ന് പിന്നാക്കം പോകാതെ വ്യവസായ വളർച്ചയിലും ആധുനിക തൊഴിൽത്തുറയിലും കുതിപ്പുണ്ടാക്കുന്ന വിജ്ഞാന സമൂഹ സൃഷ്ടിയാണ് സർക്കാറിന്റെ ലക്ഷ്യം. അതുവഴി കേരളത്തെ കാലോചിതമായി വികസിത സമൂഹങ്ങൾക്കൊപ്പം ചേർക്കുക എന്ന ദൗത്യമാണ് ഈ സർക്കാർ നിർവഹിക്കുന്നത്. ■

ട്രാൻസ്ഗ്രിഡ് 2.0

തടസ്സമില്ലാതെ ഊർജ്ജപ്രസരണം

വൈദ്യുതി പ്രസരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേരള സർക്കാർ ആവിഷ്ക്കരിച്ച ബൃഹത്തായ പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. നിലവിലുള്ള പ്രസരണ ലൈനുകളുടെ ശേഷി വർധിപ്പിക്കുന്നതിനും പുതിയ ലൈനുകളുടെയും സബ് സ്റ്റേഷനുകളുടെയും നിർമ്മാണത്തിനുമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തികരിക്കുന്നതോടെ കേരളത്തിലെ പ്രധാനപ്പെട്ട സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തപ്പെടും. അവ പുതുതായി നിർമ്മിക്കപ്പെടുന്ന/ശേഷി ഉയർത്തപ്പെടുന്ന 220 കെ.വി. ട്രാൻസ്മിഷൻ ലൈനുകളുമായി ബന്ധിപ്പിക്കും. ഇതോടെ കേരളത്തിലെ വൈദ്യുതി പ്രസരണം ശക്തിപ്പെടുകയും പ്രസരണ നഷ്ടത്തിൽ ഗണ്യമായ കുറവു ണ്ടാകുന്നതും വലിയ നേട്ടമാവും. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കിഫ്ബിയുടെയും, കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെയും ധനസഹായത്തോടെ 3414 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചരിക്കുന്നത്. 11 ലൈൻ പാക്കേജുകളും, 13 സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നതാണ് ഈ ഘട്ടം. രണ്ടാം ഘട്ട പദ്ധതികൾ 2024ൽ പൂർത്തികരിക്കുകയാണ് ലക്ഷ്യം. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കിഫ്ബിയുടെയും കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡവലപ്മെന്റ് ഫണ്ടിന്റെയും (പി.എസ്.ഡി.എഫ്.) ധനസഹായത്തോടെ 2453 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചത്. ഒൻപത് ലൈൻ പാക്കേജുകളും അഞ്ച് സബ്സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നതാണ് ഇത്.

കേരളത്തിൽ ജനസാന്ദ്രത കൂടുതലായതിനാലും പുതിയ ലൈനുകൾ വലിക്കാനുള്ള സ്ഥലപരിമിതി കണക്കിലെടുത്തും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്ന തരത്തിൽ നിലവിലുള്ള ലൈൻ റൂട്ടുകൾ ഉപയോഗപ്പെടുത്തി യാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ലൈനുകളുടെ നവീകരണവും ശേഷി വർധിപ്പിക്കലും നടപ്പിലാക്കി വരുന്നത്. കൂടാതെ, ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ (ജിഐഎസ്), സബ്സ്റ്റേഷൻ ഓട്ടോമേഷൻ സിസ്റ്റം, നാരോ ബേസ്ഡ് ടവറുകൾ, മോണോപോളുകൾ, കൂടുതൽ പ്രസരണ ശേഷിയുള്ള ചാലകങ്ങൾ മുതലായ നൂതന സാങ്കേതിക വിദ്യകൾ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നു.

നമ്മുടെ വൈദ്യുതി ആവശ്യത്തിന്റെ സിംഹഭാഗവും സംസ്ഥാനത്തിന്റെ പുറത്തുനിന്നുള്ള വൈദ്യുതി പദ്ധതികളെ ആശ്രയിച്ചാണ് നിറവേറ്റുന്നത്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക വഴി പുറമെ നിന്നുള്ള വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കാനാകും. ഭാവിയിൽ ഉണ്ടായേക്കാവുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്തും വൈദ്യുതി ഉത്പാദന പദ്ധതികൾക്ക് ആവശ്യമായ പ്രസരണ ശൃംഖല കൂട്ടിച്ചേർക്കൽ മുന്നിൽ കണ്ടുകൊണ്ടുമാണ് ട്രാൻസ്ഗ്രിഡ് പദ്ധതി

രണ്ടാം ഘട്ടം – സബ്സ്റ്റേഷനുകൾ

കക്കാട്, പത്തനംതിട്ട, തുറവൂർ, വെങ്ങാലൂർ, ശാസ്താംകോട്ട, ഇരിഞ്ഞാലക്കുട, പാഞ്ഞാൾ, വെണ്ണക്കര, കോട്ടത്തറ, മണ്ണാർക്കാട്, നിർമല സിറ്റി എന്നീ 220 കെ.വി. സബ്—സ്റ്റേഷനുകളും ഇടമൺ 400 കെ.വി. സബ്സ്റ്റേഷൻ, പയ്യമ്പിള്ളി (വയനാട്) 400 കെ.വി. സബ്—സ്റ്റേഷനുകളും ഈ ഘട്ടത്തിൽ ഉൾപ്പെടുന്നു.

ട്രാൻസ്മിഷൻ ലൈനുകൾ

1. ശബരി ലൈൻസ് പാക്കേജ് – (കക്കാട്, പത്തനംതിട്ട സബ്സ്റ്റേഷനുകളോടനുബന്ധിച്ച ലൈനുകളുടെ നിർമ്മാണം – 114 സർക്യൂട്ട് കി.മീ. 220 കെ.വി., 93.26 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനുകൾ)
2. തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് 2 – (കുന്നംകുളം-വെങ്ങാലൂർ ലൈനിന്റെ നിർമ്മാണം 68.43 സർക്യൂട്ട് കി.മീ. 220 കെ.വി., 84 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനുകൾ)
3. ക്വയിലോൺ ലൈൻസ് പാക്കേജ് – (ശാസ്താംകോട്ട സബ്സ്റ്റേഷനോടനുബന്ധിച്ച ലൈനുകളുടെ നിർമ്മാണം 13 സർക്യൂട്ട് കി.മീ. 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)
4. ട്രാവൻകൂർ കേബിൾ പാക്കേജ് 1 – (TERLS-, മെഡിക്കൽ കോളേജ് എന്നീ സബ് സ്റ്റേഷനുകളോടനുബന്ധിച്ച 110 കെ.വി. കേബിളുകളുടെ നിർമ്മാണം 9 സർക്യൂട്ട് കി.മീ.)
5. ട്രാവൻകൂർ കേബിൾ പാക്കേജ് 2 – (മുട്ടത്തറ, വേളി, വിഴിഞ്ഞം എന്നീ സബ്സ്റ്റേഷനുകളോടനുബന്ധിച്ച 110 കെ.വി. കേബിളുകളുടെ നിർമ്മാണം 31.5 സർക്യൂട്ട് കി.മീ.)
6. ട്രാവൻകൂർ ലൈൻസ് പാക്കേജ് 3 – (പോത്തൻകോട്-കുണ്ടറ ലൈനിന്റെ നിർമ്മാണം 40 സർക്യൂട്ട് കി.മീ. 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)
7. നോർത്ത് മലബാർ ലൈൻസ് പാക്കേജ് 2 – (തലശ്ശേരി-കക്കയം ലൈനിന്റെ നിർമ്മാണം 180 സർക്യൂട്ട് കി.മീ. 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)
8. നോർത്ത് സൗത്ത് ഇന്റർലിങ്ക് പാക്കേജ് 2 – (ആലുവ-കൊടുങ്ങല്ലൂർ ലൈനിന്റെ നിർമ്മാണം 60.8 സർക്യൂട്ട് കി.മീ. 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)
9. നോർത്ത് സൗത്ത് ഇന്റർലിങ്ക് പാക്കേജ് 3 – (ആലുവ-ചാലക്കുടി ലൈനിന്റെ നിർമ്മാണം 54 സർക്യൂട്ട് കി.മീ. 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)
10. തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് 3 – (ഇരിഞ്ഞാലക്കുട-കുന്നംകുളം ലൈനിന്റെ നിർമ്മാണം 86 സർക്യൂട്ട് കി.മീ. 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)
11. ഗ്രീൻ കോറിഡോർ പാക്കേജ്

 മ. നോർത്ത് ഗ്രീൻ കോറിഡോർ – (കാസർഗോഡ്-വയനാട് 400 കെ.വി. ലൈനിന്റെ നിർമ്മാണം 248 സർക്യൂട്ട് കി.മീ. 400 കെ.വി ലൈൻ)

12. അട്ടപ്പാടി ഗ്രീൻ കോറിഡോർ – (കോട്ടത്തറ, മണ്ണാർക്കാട് എന്നീ സബ്സ്റ്റേഷനുകളോടനുബന്ധിച്ച ലൈനുകളുടെ നിർമ്മാണം 116 സർക്യൂട്ട് കി.മീ. 220 കെ.വി ലൈൻ)
13. രാമക്കൽമേട് ഗ്രീൻ കോറിഡോർ – (നിർമല സിറ്റി സബ്സ്റ്റേഷനോടനുബന്ധിച്ച ലൈനുകളുടെ നിർമ്മാണം 40 സർക്യൂട്ട് കി.മീ. 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ)

നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കുറവു വന്നാലും ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ വൈദ്യുതി വിതരണം നടത്തുവാനും കേന്ദ്രവിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്തുവാനും തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ട്രാൻസ്ഗ്രിഡ് പദ്ധതി സഹായകമാകും.

രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ശബരി ലൈൻസ് പാക്കേജ്, തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ്-2, പത്തനംതിട്ട, കക്കാട് 220 കെ.വി. സബ്സ്റ്റേഷനുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. ഗ്രീൻ കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ട കാസർഗോഡ്-വയനാട് 400 കെ.വി. ലൈനിന്റെ ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ഒന്നാം ഘട്ടത്തിൽ 1589 കോടി രൂപയുടെ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായി. ഇവയിൽ മഞ്ചേരി, ചാലക്കുടി, കോതമംഗലം, ആലുവ, കലൂർ, കുന്നമംഗലം എന്നീ 220 കെ.വി. സബ്സ്റ്റേഷനുകളുടെയും തുത്തിയൂർ-കലൂർ 220 കെ.വി. കേബിൾ, മാടക്കത്തറ-അരീക്കോട് 400 കെ.വി., മാടക്കത്തറ-അരീക്കോട് 220 കെ.വി., നല്ലളം-കക്കയം 110 കെ.വി., കക്കയം-മേപ്പയൂർ 110 കെ.വി., കൊന്നക്കുഴി-ചാലക്കുടി 220 കെ.വി., മലയമ്മ-കുന്നമംഗലം 220 കെ.വി., ആലുവ-പള്ളിക്കര 220 കെ.വി., കറുകടം-കോതമംഗലം 220 കെ.വി. എന്നീ ട്രാൻസ്മിഷൻ ലൈനുകളുടെയും നിർമാണം ഇതിനോടകം പൂർത്തീകരിച്ചു ചാർജ് ചെയ്തിട്ടുണ്ട്.

ആലുവ-പള്ളിവാസൽ, കോട്ടയം-ഏറ്റുമാനൂർ, കോട്ടയം-തുറവൂർ, വടക്കാഞ്ചേരി-കുന്നംകുളം, കൊടുങ്ങല്ലൂർ-ഇരിഞ്ഞാലക്കുട എന്നീ 220 കെ.വി. ലൈനുകളും, ചിത്തിരപുരം, ഏറ്റുമാനൂർ, വിഴിഞ്ഞം എന്നീ 220 കെ.വി. സബ്സ്റ്റേഷനുകളും 2022 മാർച്ചിൽ പൂർത്തികരിക്കാൻ ലക്ഷ്യമിടുന്നു.

തലശ്ശേരി, കുന്നംകുളം എന്നീ 220 കെ.വി. സബ് സ്റ്റേഷനുകളും, മുണ്ടയാട്-തലശ്ശേരി 220 കെ.വി. ലൈനും ഏപ്രിൽ 2022 ലും, കോട്ടയം 400 കെ.വി. സബ്സ്റ്റേഷൻ ജൂൺ 2022 ലും മൈലാട്ടി-കാഞ്ഞിരോട് 220 കെ.വി. ലൈൻ ഡിസംബർ 2022 ലും നിർമാണം പൂർത്തികരിക്കാൻ ലക്ഷ്യമിടുന്നു. ■

പൈതൃക സംരക്ഷണത്തിന് സാംസ്കാരിക സമുച്ചയങ്ങൾ

കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും രാജ്യത്തുതന്നെ ആദ്യമായി ജില്ലകൾ തോറും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുകയാണ് കേരളം. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിലാണ് 50 കോടി രൂപ വീതം ചിലവിട്ടു കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ജില്ലകൾ തോറും വിപുലമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നത്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനും ബഹുസ്വരതയിൽ അധിഷ്ഠിതമായ അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും നിലനിർത്താനും പൊതുവിടങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൂടി ഈ പദ്ധതിയിലൂടെ നിറവേറ്റപ്പെടും

നാടിന്റെ സാംസ്കാരികപ്പെരുമ നിലനിർത്തുവാനും കേരളത്തിന്റെ കലാപൈതൃകത്തെ വരും തലമുറയ്ക്ക് പകർന്നു നൽകുവാനും ലക്ഷ്യമിടുന്ന സാംസ്കാരിക സമുച്ചയങ്ങൾ ഒരുക്കുകയാണ് കേരളം. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണ് പദ്ധതി. 3.50 ഏക്കർ മുതൽ 5.00 ഏക്കർ വരെ വിസ്തൃതിയിൽ ജില്ലകൾ തോറുമാണ് ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്ന ഈ സമുച്ചയങ്ങളിൽ വിപുലമായ സൗകര്യങ്ങളാണ് ഉണ്ടാവുക. നൃത്ത സംഗീത നാടക ശാലകൾ,

ആഡിറ്റോറിയങ്ങൾ, ചിത്രപ്രദർശന ശാലകൾ, ബ്ലാക്ക് ബോക്സ് തീയറ്റർ, ചമയ മുറികൾ, ഉപഹാര ശാലകൾ, ഗ്രന്ഥശാല, വീഡിയോ ഹാൾ, സെമിനാർ ഹാൾ, കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിശാലകൾ, ഓപ്പൺ എയർ തീയറ്റർ, ഭരണ നിർവ്വഹണ കാര്യാലയം, കഫറ്റേരിയ തുടങ്ങിയ സൗകര്യങ്ങൾ ഓരോ സമുച്ചയത്തിലും ഉണ്ടാവും. നമ്മുടെ ക്ലാസിക്കൽ, സമകാലീന ഫോക് ലോർ കലാരൂപങ്ങളുടെ വർധിതമായ അവതരണത്തിനും ആസ്വാദനത്തിനും അവസരമൊരുക്കുന്നതാണ് 50 കോടി രൂപ വീതം ചെലവിട്ട് നിർമ്മിക്കുന്ന ഈ ബൃഹത് സമുച്ചയങ്ങൾ.

കൊല്ലം, പാലക്കാട്, കാസർഗോഡ് സമുച്ചയങ്ങൾ

നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിയുടെ ഭാഗമായി 68.38 കോടി ചെലവിട്ട് അഞ്ച് ഏക്കറിലാണ് പാലക്കാട് യാക്കരയിൽ വി.ടി. ഭട്ടതിരിപ്പാട് സമുച്ചയം നിർമ്മിക്കുന്നത്. കൊല്ലം ജില്ലയിൽ ആശ്രാമം മൈതാനത്ത് 3.5 ഏക്കറിൽ 56.91 കോടി ചെലവിൽ നിർമ്മിക്കുന്ന ശ്രീ നാരായണഗുരു സമുച്ചയം അവസാനഘട്ടത്തിലാണ്.

കാസർഗോഡ് 41.95 കോടി ചെലവിൽ സ്വാതന്ത്ര്യ സമര സേനാനിയും നവോത്ഥാന നായകരിൽ ഒരാളുമായിരുന്ന ടി.എസ്. സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ പേരിൽ നിർമ്മിക്കുന്ന സമുച്ചയം ഒന്നാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞു. കാഞ്ഞങ്ങാട് മടിക്കൈയിലാണ് നാല് ഏക്കറിൽ സമുച്ചയം സ്ഥാപിക്കുന്നത്.

ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് സാംസ്കാരിക സംരക്ഷണം ലക്ഷ്യമിട്ടു ഒട്ടേറെ സ്മാരകങ്ങളും സമുച്ചയങ്ങളും നിർമ്മിച്ചിരുന്നു. നോവലിസ്റ്റും സഞ്ചാര സാഹിത്യകാരനുമായ എസ്. കെ. പൊറ്റെക്കാട്ടിന്റെ സ്മരണയ്ക്കായി കോഴിക്കോട് ജില്ലയിൽ കോട്ടുളി വില്ലേജിൽ പുതിയറയിൽ കോർപ്പറേഷന്റെ 30 സെന്റ് സ്ഥലത്താണ് സ്മാരകം ഒരുക്കിയിരിക്കുന്നത്. നാടക റിഹേഴ്സലിനും നാടക ക്യാമ്പിനും സാംസ്കാരിക പരിപാടികൾക്കുമായി ക്രമീകരിച്ചിട്ടുള്ള ഈ മന്ദിരത്തിൽ നൂറു പേർക്ക് ഇരിക്കാനുള്ള സൗകര്യത്തോടെ ഹാൾ നിർമ്മിച്ചിട്ടുണ്ട്.

ഗോവിന്ദപൈയുടെ സ്മരണാർത്ഥം കാസർഗോഡ് ജില്ലയിലാണ് സാംസ്കാരിക സ്മാരകം നിർമ്മിച്ചിരിക്കുന്നത്. മഞ്ചേശ്വരം താലൂക്കിൽ ഹസബേടുവിൽ കർണ്ണാടക സർക്കാർ സംസ്ഥാന സർക്കാരിന് കൈമാറി നൽകിയ 71 സെന്റ് സ്ഥലത്താണ് ഇത്. സ്മാരക മന്ദിര വളപ്പിൽ മൂന്ന് കെട്ടിടങ്ങളുണ്ട്. 382 പേർക്ക് ഇരിക്കാവുന്ന ഒരു ഓഡിറ്റോറിയവും, ഒരു ഹാളും, നാല് മുറികളുമുള്ള രണ്ട് സാംസ്കാരിക മന്ദിരങ്ങളും നിർമ്മിച്ചിട്ടുണ്ട്.

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ പേരിലുള്ള സ്മാരകം പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവിയും ചിന്തകനും രാഷ്ട്രതന്ത്രജ്ഞനുമായിരുന്ന ബസവേശ്വരന്റെ സ്മരണാർത്ഥം കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ 25 സെന്റ് സ്ഥലത്താണ് സ്മാരകം നിർമ്മിച്ചു കഴിഞ്ഞു. സാംസ്കാരിക ഹാൾ, ഓഫീസ് മന്ദിരം, ഓഡിറ്റോറിയം, ആയുർവേദിക് പാലിയേറ്റീവ് കെയർ യൂണിറ്റ്, ഭക്ഷണഹാൾ എന്നിവയാണ് ഇവിടെയുള്ളത്. ബസവേശ്വര പാർക്കും ബസവേശ്വരന്റെ പ്രതിമയും നവോത്ഥാന നായകരായ ചട്ടമ്പി സ്വാമി, അയ്യൻകാളി, ശ്രീനാരായണഗുരു, സ്വാമി വിവേകാനന്ദൻ എന്നിവരുടെ ചിത്രങ്ങൾ ഉൾക്കൊള്ളുന്ന സ്തൂപങ്ങളും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

കഥാപ്രസംഗകലയുടെ കുലപതി വി. സാംബശിവന്റെ സ്മരണാർത്ഥം കൊല്ലം ജില്ലയിൽ ചവറ തെക്കും ഭാഗത്താണ് സ്മാരക മന്ദിരം യാഥാർഥ്യമായത്. രണ്ട് നില മന്ദിരത്തിൽ താഴത്തെ നിലയിൽ 200 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയവും മുകളിൽ ഒരു മിനി ഹാളും, ഓഫീസ് മുറിയും, ലൈബ്രറിയും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ■

ബ്രുഹു ബദ്രു

നിർമാണം അവസാനഘട്ടത്തിലുള്ള കൊല്ലം സാംസ്കാരിക സമുച്ചയം

അഭിമാന
പദ്ധതികൾ

രാജാ രവിവർമ്മ ആർട്ട് ഗ്യാലറി

ചിത്രകലയിലെ അതുല്യതയ്ക്ക് നിത്യസ്മാരകം

ഭാരതീയ ചിത്രകലയ്ക്ക് വിശ്വപ്രസിദ്ധി നൽകിയ രാജാ രവിവർമ്മയ്ക്ക് തലസ്ഥാനത്ത് അനുയോജ്യമായ സ്മാരകം ഒരുങ്ങുകയാണ്. രവിവർമ്മയുടെ 43 അതുല്യസൃഷ്ടികളുടെ നേരനുഭവം ആസ്വാദകർക്ക് സമ്മാനിക്കാനും തലമുറകൾക്കായി സൂക്ഷിക്കാനും ഇന്ത്യയിലെ തന്നെ ആദ്യത്തെ കഥപറയുന്ന ആർട്ട് ഗ്യാലറിയാണിത്

ചിത്രമെഴുത്ത് യൂറോപ്യന്മാരുടെ കലയാണെന്ന് കരുതിയിരുന്ന കാലത്ത്, ഇന്ത്യയിൽ അതിന്റെ ഉന്നമനത്തിനും സാംസ്കാരിക ചലനങ്ങൾക്കും സ്വന്തം പാത തെളിച്ച അതുല്യ ചിത്രകാരൻ രാജാരവിവർമ്മയ്ക്ക് ഉചിതമായ സ്മാരകമൊരുക്കുകയാണ് കേരളം. രവിവർമ്മയുടെ ചിത്രങ്ങൾ തലമുറകൾക്കായി സൂക്ഷിക്കാനും പ്രദർശിപ്പിക്കാനുമുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ ആർട്ട് ഗ്യാലറിയായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി രാജാരവിവർമ്മയുടെ ജന്മദേശമായ തിരുവനന്തപുരത്താണ് യാഥാർഥ്യമാകുന്നത്. എട്ട് കോടി രൂപ ചെലവിലാണ് ഗ്യാലറി ഒരുങ്ങുന്നത്.

മലയാളികളുടെ മനസ്സിൽ ചിത്രകലയുടെ പ്രതീകമാണ് എക്കാലത്തും രാജാ രവിവർമ്മ. പ്രകൃതി പ്രതിഭാസങ്ങളെയും ചരാചരങ്ങളേയും കാൻവാസിൽ പകർത്തിയ ആ മഹാപ്രതിഭയുടെ പ്രാധാന്യം

തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ യഥാർത്ഥ ചിത്രങ്ങൾ തന്നെയാണ് ഈ ആർട്ട് ഗ്യാലറിയിലൂടെ സംരക്ഷിക്കപ്പെടുന്നത്. സർക്കാർ നോഡൽ ഏജൻസിയായ കേരള മ്യൂസിയം തയ്യാറാക്കിയ പദ്ധതി പ്രകാരം ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ സൂക്ഷിച്ചിരിക്കുന്ന 43 രവിവർമ്മ ചിത്രങ്ങളും പെൻസിൽ സ്കെച്ചുകളും അടുത്തുതന്നെ രാജാ രവിവർമ്മ ആർട്ട് ഗ്യാലറിയിലേക്ക് മാറ്റും. നിലവിലുള്ള ആർട്ട് ഗ്യാലറിയോട് ചേർന്നാണ് അന്തർദേശീയ നിലവാരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ രവിവർമ്മ ആർട്ട്ഗ്യാലറിയും നിർമ്മിക്കുന്നത്.

ആധുനിക കൺസർവേഷൻ ലാബ്

ഒരു വിശിഷ്ട കലാകാരന് ഈ നാട് നൽകുന്ന ആദരം കൂടിയാണ് ഈ ആർട്ട് ഗ്യാലറി. കേവലമൊരു പ്രദർശന ശാലയായി മാത്രമല്ല ഈ ബൃഹത്തായ പദ്ധതി ഒരുങ്ങുന്നത്. രവിവർമ്മ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനൊപ്പം ചിത്രങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ആധുനിക കൺസർവേഷൻ ലാബും ഇവിടെ സജ്ജീകരിക്കുന്നുണ്ട്. അതുവഴി രവിവർമ്മ ചിത്രങ്ങൾക്കൊപ്പം പല ചിത്രകാരന്മാരുടെയും അമൂല്യമായ പല രചനകളും നമുക്ക് സംരക്ഷിക്കാൻ കഴിയും.ആധുനിക മ്യൂസിയം സങ്കല്പങ്ങൾക്കനുസരിച്ച് കണ്ണൂരിലെ കൈത്തറി മ്യൂസിയം, ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, എ.കെ.ജി സ്മൃതി മ്യൂസിയം എന്നിവയെപ്പോലെ ചിത്രങ്ങളെ തീമാറ്റിക്ക് ആക്കി ഇവിടെ പരിവർത്തനം ചെയ്യും. യാഥാർത്ഥ്യങ്ങളും വസ്തുതകളും വരും കാലത്തേയ്ക്ക് സുരക്ഷിതമായി രേഖപ്പെടുത്തി വയ്ക്കാനുള്ള മാർഗങ്ങൾ എന്ന നിലയിലാണ് സർക്കാർ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. നാം ജീവിക്കുന്ന കാലത്തെ സംഭവങ്ങളും ചിത്രകലയും മാത്രമല്ല ഭൂതകാലത്തെ ചിത്രങ്ങളും വരും തലമുറയ്ക്ക് വേണ്ടി സൂക്ഷിച്ചു കൈമാറണം. ഭൂതകാലത്തെ കുറിച്ചുള്ള വിലപ്പെട്ട പല അറിവുകളും അടയാളങ്ങളും ഇത്തരം കലാസൃഷ്ടികളിൽ ഉണ്ടാകും. അവ യാതൊരു സംശയവുമില്ലാത്തവിധത്തിൽ ഭാവി തലമുറയ്ക്കു വ്യക്തമാക്കികൊടുക്കാൻ സാധിക്കണം. അത്തരത്തിലൊരു മുന്നൊരുക്കമാണ് രവിവർമ്മ ആർട്ട് ഗ്യാലറിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തെ ചരിത്രമ്യൂസിയങ്ങളെ കലാസംരക്ഷണ മേഖലയിലെ അന്തർദേശീയമായ നവീന കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ പ്രദർശിപ്പിക്കാനും അവയുടെ ശൃംഖല സ്ഥാപിക്കാനും ഇത്തരം പരിശ്രമങ്ങൾക്ക് സാധിക്കും എന്ന കാര്യം ഉറപ്പാണ്. ■

കേവലമൊരു പ്രദർശന ശാലയായി മാത്രമല്ല ഈ ബൃഹത്തായ പദ്ധതി ഒരുങ്ങുന്നത്. രവിവർമ്മ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനൊപ്പം ചിത്രങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ആധുനിക കൺസർവേഷൻ ലാബും ഇവിടെ സജ്ജീകരിക്കുന്നുണ്ട്

അഭിമാന പദ്ധതികൾ

സൗര പദ്ധതി

സൗരോർജം സ്വയംപര്യാപ്തം

സംസ്ഥാന സർക്കാരിന്റെ ഊർജ മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര

സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ളോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോത്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപഭോഗം, താരിഫ് കാറ്റഗറി എന്നിവ അനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാകും വിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ.ബി. മുന്നോട്ട് വച്ചിട്ടുണ്ട്.

സൗര ഒന്നാം ഘട്ടം

ഫേസ്-1ൽ 50 മെഗാവാട്ട് ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാനാവുന്ന പദ്ധതിയാണിത്. ഇതിൽ മൂന്ന് മോഡലുകളാണ് നിലവിലുള്ളത്. യാതൊരുവിധ മുതൽമുടക്കും ഉപഭോക്താവിന് ഇല്ലാത്ത മോഡലുകളും ഉപഭോക്താവിന്റെ പൂർണ മുതൽമുടക്ക് വേണ്ടി വരുന്ന മോഡലുമാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ മോഡൽ 1 തിരഞ്ഞെടുക്കുന്ന ഉപഭോക്താവിന് പുരപ്പുറം വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി നിലയം ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10 ശതമാനവും മോഡൽ 2 തെരെഞ്ഞെടുക്കുന്നവർക്ക് നിശ്ചിത താരിഫിൽ വരുന്ന 25 വർഷത്തേക്ക് ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായും ലഭ്യമാകും. മോഡൽ 3-ൽ മുതൽമുടക്ക് മുഴുവൻ ഉപഭോക്താവിന്റേതായതിനാൽ തന്നെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായി ഉപഭോക്താവിന് ലഭിക്കും. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. 29 മെഗാവാട്ടിനു ഇ പി സി ഓർഡർ നൽകിയിട്ടുണ്ട്. 14 മെഗാവാട്ട് നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി 2022 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

സൗര സബ്സിഡി പദ്ധതി (250 മെഗാവാട്ട്)

ഗാർഹിക ഉപഭോക്താക്കൾക്കാണ് ഈ പദ്ധതിയിൽ പങ്കെടുക്കാനാവുക. ഈ പദ്ധതിയുടെ ഭാഗമായി ഒന്ന് മുതൽ മൂന്ന് കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും നാല് മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ മൂന്ന് കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോ വാട്ടിനും 20 ശതമാനം സബ്സിഡിയും എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. 10 കിലോവാട്ടിനു മുകളിൽ സബ്സിഡി യില്ല. ഇതരസംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി സബ്സിഡി ലഭ്യമാകാൻ വേണ്ട മുതൽമുടക്കാൻ ശേഷിയില്ലാത്ത ഉപഭോക്താക്കളെ കൂടി ഈ പദ്ധതിയുടെ ഭാഗമാക്കാൻ മൂന്ന് തനതായ മോഡലുകളും കെ.എസ്.ഇ.ബി. ഒരുക്കിയിട്ടുണ്ട്. ഇതിൽ ആകെ മുതൽമുടക്കിന്റെ 12 ശതമാനം, 20 ശതമാനം, 25 ശതമാനം ആണ് ഉപഭോക്താക്കൾ മുതൽമുടക്കേണ്ടത്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല.

2019-20 വർഷത്തേക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേക്ക് 200 മെഗാവാട്ടും സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര-നവ-പുനരുപയോഗ ഊർജ മന്ത്രാലയം കെ.എസ്.ഇ.ബിക്ക് അനുമതി നൽകിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 40 സ്ഥാപനങ്ങളെ എംപാനൽ ചെയ്തു. പദ്ധതി നിർവഹണം ത്വരിതഗതിയിലാക്കാൻ ഇത് സഹായകമാകും. 2022 മാർച്ചോടുകൂടി പൂർത്തീ കരിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി പൂർത്തീകരണത്തിനു വേണ്ടി ഇ കിരൺ മാനേജ്മെന്റ് പോർട്ടൽ ട്രാക്കിംഗ് സംവിധാനത്തോടുകൂടി വികസിപ്പിച്ചു പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ ഏകജാലക പോർട്ടൽ വഴി കെഎസ്ഇബിയെ കൂടാതെ ഡെവലപ്പർമാർ, ഉപഭോക്താക്കൾക്കും ദിവസേനയുള്ള പുരോഗതി അവലോകനം ചെയ്യാനാവും.

സബ്സിഡി പദ്ധതിയിലൂടെ 5.298 മെഗാവാട്ട് നിലയങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

സൗര സബ്സിഡി നിരക്കുകൾ

ശേഷി	നിരക്ക്
1 കിലോവാട്ട്	75,500/രൂപ
1 കിലോവാട്ട് മുതൽ 2 കിലോവാട്ട്	67,500/
2 കിലോവാട്ട് മുതൽ 3 കിലോവാട്ട്	63,500/
3 കിലോവാട്ട് മുതൽ 10 കിലോവാട്ട്	51,152.12/ ■

എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാനാവുന്ന പദ്ധതിയാണിത്. ഇതിൽ മൂന്ന് മോഡലുകളാണ് നിലവിലുള്ളത്. യാതൊരുവിധ മുതൽമുടക്കും ഉപഭോക്താവിന് ഇല്ലാത്ത മോഡലുകളും ഉപഭോക്താവിന്റെ പൂർണ മുതൽമുടക്ക് വേണ്ടി വരുന്ന മോഡലുമാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്.

Date of Publication: 01.02.2022
RNI No.2014/58028 Price: 12.00

ഉറപ്പോടെ
ഉണർവോടെ
കേരളം

സംസ്ഥാന സർക്കാർ ഒന്നാം വാർഷികം

100 ദിന പരിപാടി

**2022 ഫെബ്രുവരി 10 മുതൽ
മെയ് 20 വരെ**

- **17,183.89 കോടി രൂപ**
- **1557 പദ്ധതികൾ**
- **4,64,714 തൊഴിലവസരങ്ങൾ**

എന്റെ
കേരളം
എന്റെ
അഭിമാനം

14,000 കുടുംബങ്ങൾക്ക് കെ ഫോൺ കണക്ഷൻ | ലൈഫ് മിഷനിൽ 20,000 വീടുകൾ, മൂന്ന് ഭവന സമുച്ചയങ്ങൾ | പുനർഗേഹം വഴി 532 വീടുകൾ | കേരളമാകെ വാതിൽപ്പടി സേവനം | 15,000 പട്ടയം | എല്ലാ ജില്ലയിലും സുഭിക്ഷ ഹോട്ടൽ | 150 വിദ്യാർത്ഥികൾക്ക് നവകേരള ഫെലോഷിപ്പ് | 1500 ഗ്രാമീണ റോഡുകൾ | മാങ്കുളം ജലവൈദ്യുത പദ്ധതി | ചേർത്തല മെഗാ ഫുഡ് പാർക്ക് | 15 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 150 വെൽനസ് സെന്ററുകൾ...

git DGTL

Printed and Published by S.Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS